കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

www.lfa.kerala.gov.in

# വടകരപ്പതി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ കെ.എസ്.എ-പികെഡി11-2391/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്,
തീയതി-05.02.2019.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വടകരപ്പതി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വടകരപ്പതി ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നമ്പർ കെ.എസ്.എ-പികെഡി11-2391/2018 തിയ്യതി-05.02.2019.

## പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.7.2017 മുതൽ 21.10.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : മേരി ഹണി ജോസഫ്

ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 22.10.2018 മുതൽ 31.10.2018 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.സുജാത | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എസ്.എച്ച്.ഷർഫുദ്ദീൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എ.സുജാത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | കെ.ആർ.രമാദേവി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കുളത്തൈ തെരെസ | 1.4.17 മുതൽ 31.3.18 വരെ |
| സെക്രട്ടറി | ശ്രീ.രാമനുണ്ണി.എസ്. | 1.4.17 മുതൽ 2.7.2017 വരെ |
| | ശ്രീമതി.ഷീജാകുമാരി.എസ്.<br><br>ജൂനിയർ സൂപ്രണ്ട് (സെക്രട്ടറി ഇൻ ചാർജ്ജ്) | 3.7.17 മുതൽ 30.7.17 വരെ |
| | ശ്രീ.രാമനുണ്ണി.എസ്. | 31.7.17 മുതൽ 31.10..2017 വരെ |
| | ശ്രീ.ടി.പി.വേണഗോപാൽ<br><br>അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) | 1.11.17 മുതൽ 16.11.2017 വരെ |
| | ശ്രീ.സലിൽ എവുജിൻ | 17.11.17 മുതൽ 5.1.2018 വരെ |
| | ശ്രീ.ടി.പി.വേണഗോപാൽ<br><br>അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) | 6.1.18 മുതൽ 15.1.2018 വരെ |
| | ശ്രീ.ഡി.വിക്ടർരാജ് | !6.1.18 മുതൽ 31.3.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.അഭിലാഷ്.ബി | 1.4.17മുതൽ 2.7.17 വരെ |
| | ശ്രീ.എൻ.ജി.വ്യാസ് | 3.7.17മുതൽ 28.7.17 വരെ |
| | ശ്രീ.അഭിലാഷ്.ബി. | 29.7.17 മുതൽ 1.11.17FN വരെ |
| | ശ്രീ.എൻ.ജി.വ്യാസ് | 1.11.17AN മുതൽ 6.11.17FN വരെ |
| | ശ്രീമതി.അനീഷ.എ.കെ. | 6.1.17AN മുതൽ 31.3..2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.നിതിൻ | 1.4.17 മുതൽ 15.6.17വരെ |
| | ശ്രീ.റഫീക്ക് | 16.6.17 മുതൽ 22.9.17 വരെ |

| | | |
|---|---|---|
| | ശ്രീ.രവി.വി. | 23.9.17 മുതൽ 10.11.17വരെ |
| | ശ്രീമതി.ശ്രീകല | 11.11.17 മുതൽ 28.11.17വരെ |
| | ശ്രീമതി.ദീപ | 29.11.17 മുതൽ 31.3.18വരെ |
| പ്രധാനാദ്ധ്യാപിക,<br><br>GLPS, വടകരപ്പതി | ശ്രീമതി.ഗ്രേസ് ആന്റോ റെജിന സെലിൻ | 1.4.17 മുതൽ 31.3.18വരെ |
| | ശ്രീമതി.ഷീബാദേവി | 4.6.17മുതൽ 31.3.18 വരെ |
| വി.ഇ.ഒ. I | ശ്രീമതി.അനുഷ റാണി | 1.4.17 മുതൽ 31.3.18വരെ |
| വി.ഇ.ഒ. II | ശ്രീമതി.ഗൗരി | 1.4.17 മുതൽ 22.10.17വരെ |
| | ശ്രീ.നിജാമുദ്ദീൻ | 23.10.17 മുതൽ 15.11.17വരെ |
| | ശ്രീമതി.സോണിയ | 16.11.17 മുതൽ 31.3.18വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി.വസന്തകുമാരി | 1.4.17 മുതൽ 3.12.17 വരെ |
| | ശ്രീമതി.അന്നപൂർണ്ണി | 4.12.17 മുതൽ 31.3.18വരെ |
| | ശ്രീമതി.ബേബി.കെ.കേലത്ത് | 16.10.17മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ആൻസി സാമുവൽ | 1.4.17 മുതൽ 31.3.18വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സുനിതകുമാരി.കെ.വി. | 1.4.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. സുജിത്ത് | 1.4.17 മുതൽ 31.12.17 വരെ |
| | ഡോ.പ്രവീൺ | 1..1.18 മുതൽ 17.1.18വരെ |
| | ഡോ.ബർദീഷ | 18.1.18 മുതൽ 31.3.18വരെ |
| വെറ്ററിനറി സർജൻ | ഡോ.ആർ.ഫ്രാൻസിസ് അർപുതദാസ് | 1.4.17 മുതൽ 4.6.17വരെ |
| | ഡോ.നവീൻ | 5.6.17മുതൽ 31.3.18 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.രാധിക | 1.4.17 മുതൽ 8.11.17വരെ |

| | | |
|---|---|---|
| | | |
| | ശ്രീ.സജീഷ്കുമാർ.ടി. | 9.11.17 മുതൽ 31.3.18വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ബജറ്റ്-നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ് | 2-1 |
| 14 | ക്യാൻസൽഡ് രശീതികളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ് | 2-2 |
| 15 | വസ്തു നികുതി നിർണ്ണയം - കാലപ്പഴക്കത്തിന് ഇളവ് നല്കിയതിനാൽ നികുതിയിനത്തിൽ കുറവ് | 2-3 |
| 16 | വസ്തു നികുതി കുടിശ്ശിക – പഞ്ചായത്തിന് നികുതി വരമാനം ഉറപ്പുവരുത്തേണ്ടതാണ്. | 2-4 |
| 17 | ബിൽഡിങ്ങ് പെർമിറ്റ് ഫീസ്- ഈടാക്കിയ നിരക്കിൽ അപാകത | 2-5 |
| 18 | ഡി ആന്റ് ഓ ലൈസൻസ് -ഭേദഗതി ചട്ടം പ്രാവർത്തികമാക്കേണ്ടതാണ് | 2-6 |
| 19 | പ്ളാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ് | 2-7 |
| 20 | തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | 2-8 |
| 21 | വെള്ളക്കരം രജിസ്റ്റർ - വിവരങ്ങൾ അപൂർണം | 2-9 |
| 22 | ജില്ലാ പഞ്ചായത്തിൽ നിന്നും ടെണ്ടർഫോം ഇനത്തിൽ ലഭിക്കേണ്ട തുകകൾ ലഭ്യമായിട്ടില്ല | 2-10 |

| | | |
|---|---|---|
| 23 | നിഷ്ക്രിയമായി കിടക്കുന്ന അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ് | 2-11 |
| | ഭാഗം 3 | |
| 24 | തെരുവുവിളക്കുകളുടെ പരിപാലനം-കെ.എസ്.ഇ.ബി ക്ക് അധികം നൽകിയ വൈദ്യുതി ചാർജ്ജ് ക്രമീകരിക്കണം | 3-1 |
| 25 | ഡെപ്പോസിറ്റ് വർക്കുകൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യക്കേണ്ടതാണ് | 3-2 |
| 26 | മുൻ വർഷങ്ങളിൽ ലഭിച്ച വിവിധ ഫണ്ടുകൾ മുഴുവനായും ചെലവഴിച്ചിട്ടില്ല | 3-3 |
| 27 | സാക്ഷരതാ പ്രേരക്മാർക്ക് നൽകിയ ഓണറേറിയം നാളിതുവരെയും തിരികെ ഈടാക്കിയില്ല | 3-4 |
| 28 | സമഗ്ര തെങ്ങ് കൃഷി വികസനം പദ്ധതി- അർഹമായതിലും അധികം തുക അനുവദിച്ചു. | 3-5 |
| 29 | കറവപശുവളർത്തൽ (വനിത)പദ്ധതി-മോണിട്ടറിംഗ് കാര്യക്ഷമമല്ല | 3-6 |
| 30 | ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ഇൻസെന്റീവ് നൽകൽ-രേഖകൾ പൂർണമല്ല | 3-7 |
| 31 | " ലൈഫ് മിഷൻ -പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം"- പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 3-8 |
| 32 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണം | 3-9 |
| 33 | ടാർ വാങ്ങൽ -അപാകതകൾ | 3-10 |
| 34 | മരാമത്ത് പ്രവൃത്തികളുടെ കരാറുകാരൻ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല | 3-11 |
| 35 | എഗ്രിമെന്റ് വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല | 3-12 |
| 36 | അങ്കണവാടികൾ -പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-13 |
| 37 | ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ് | 3-14 |
| 38 | മണിയക്കാരൻചള്ളയിൽ വാട്ടർകിയോസ്ക് സ്ഥാപിക്കൽ -അധികം നൽകിയ തുക തിരിച്ചടക്കണം | 3-15 |
| 39 | പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം | 3-16 |
| 40 | ടി എസ് സി പദ്ധതി-ചെലവഴിക്കാത്ത തുക തിരിച്ചടക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 3-17 |
| 41 | സർക്കാർ സ്കൂളിന് ഉച്ചഭക്ഷണ പാത്രങ്ങൾ വാങ്ങൽ- ടെണ്ടർ എടുത്ത വ്യക്തിയുടെ വിതരണശേഷി ഉറപ്പുവരുത്തിയില്ല | 3-18 |
| 42 | ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി- മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം | 3-19 |

| | | |
|---|---|---|
| 43 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല | 3-20 |
| 44 | ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള പൊതു കുടിവെള്ള ടാപ്പുകളുടെ എണ്ണം- കൃത്യത ഉറപ്പു വരുത്തുന്നില്ല | 3-21 |
| 45 | സാമൂഹ്യ സുരക്ഷാ പെൻഷൻ രജിസ്റ്ററകളിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം | 3-22 |
| | ഭാഗം 4 | |
| 46 | സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 47 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 49 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 50 | സ്ഥിര നിക്ഷേപം | 4-5 |
| 51 | ഓഡിറ്റ് റിക്കവറി | 4-6 |
| 52 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 53 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 54 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 55 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 56 | ഓഡിറ്റ് സാക്ഷ്യപത്രം | 1 |
| 57 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ്-സംക്ഷിപ്തം | 2 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 23.3.17 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 7.3.18ലെ 5-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 12.5.2018 | --- | --- |

# 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27.6.18- 28.6.18 | നം.കെ.എസ്.എ-പികെഡി.21/1904(15) തിയതി:29-8-2018 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ് - ₹. 16819999.00

വരവ് - ₹. 69715874.00

ആകെ - ₹. 86535873.00

ചെലവ് - ₹. 78441619.00

നീക്കിയിരിപ്പ്- ₹. 8094254.00

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട് മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 23775000 | 23775000 | 18124353 | 5650647 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 3793682 | 3793682 | 1792950 | 2000732 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 2032174 | 2032174 | 1491403 | 540771 |
| മെയിന്റനൻസ്-റോഡ് | | 0 | 7698000 | 7698000 | 2992822 | 4705178 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 5678000 | 5678000 | 4016192 | 1661808 |
| സെൻട്രൽഫിനാൻസ് കമ്മീഷൻഗ്രാന്റ് (ACR പ്രകാരം) | | 0 | 15876205 | 15876205 | 6761032 | 9115173 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 6161612 | 6161612 | 5959964 | 201648 |
| സാക്ഷരത | | 1437 | 56 | 1437 | 0 | 1437 |
| ദുരിതാശ്വാസ നിധി | | 0 | 0 | 0 | 0 | 0 |
| എം.ജി. എൻ. ആർ.ഇ. ജി.എസ്* | തൊഴിലാളികളുടെ കൂലി | 1258 | 28507619 | 30579326 | 28507619 | 1142 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | 2071707 | | 2071823 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ – ICDS ഫണ്ട് | | 1045151 | 926245 | 1971396 | 700000 | 1271396 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | TSC Fund | 0 | 1421147 | 1421147 | 117147 | 25000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 822871 | 822871 | 781352 | 41519** |
| | ജില്ലാ പഞ്ചായത്ത് | | 500000 | 500000 | 500000 | 0 |
| ബി ഫണ്ട് | തൊഴിലില്ലായ്മ വേതനം | 0 | 5280 | 5280 | 5280 | 0 |
| | വിവാഹ ധനസഹായം | 0 | 180000 | 180000 | 180000 | 0 |
| | കൃഷി-ഉത്പാദന ബോണസ് | 0 | 108610 | 108610 | 108610 | 0 |
| ജനറൽപർപ്പസ് ഗ്രാന്റ് | | 2461243 | 9353000 | 11814243 | 10908146 | 906097** |
| തനത്ഫണ്ട് | കോഴിപ്പാറ സർവീസ് കോ.ഓപ്പ്. | 5627926 | 9207023 | 14834949 | 9860628 | 4974321 |

| | | | | | | |
|---|---|---|---|---|---|---|
| | ബാങ്ക് | | | | | |
| | കനറാ ബാങ്ക്, വേലന്താവളം | 1673779 | 2759781 | 4433560 | 2706417 | 1727143 |
| | എസ്.ബി.റ്റി., ഒഴലപ്പതി | 2586 | 14744 | 17330 | 2397 | 906097 |

**₹.6892079/- സർക്കാർ നേരിട്ട് പിൻവലിച്ചിട്ടുണ്ട്( ട്രഷറി ടി.എസ്.ബി. -₹.6892079/- + ജോയിന്റ് വെഞ്ചർ അക്കൗണ്ട് -₹.5108). പിൻവലിച്ച തുക 7.4.2018ന് തിരികെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 165 | 94057187 | 113 | 47339037 | --- | 52 | 68.48% |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 68.48% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 50.33% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽതുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 10806250 | 3052719 | 28.25% |
| വി.ഇ.ഒ - 1 | 8 | 8 | 7999054 | 5096600 | 63.72% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 3 | 4982600 | 4811003 | 96.56% |
| സെക്രട്ടറി | 23 | 17 | 14945910 | 12612027 | 84.38% |
| അസിസ്റ്റന്റ് എഞ്ചിനിയർ | 106 | 65 | 42645171 | 14638068 | 34.33% |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-PHC | 8 | 8 | 994200 | 676064 | 68.00% |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 400000 | 400000 | 100.00% |
| വെറ്ററിനറി സർജ്ജൻ | 2 | 2 | 6300000 | 2275000 | 2.16% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 2859002 | 2859002 | 100.00% |
| പ്രധാന അധ്യാപകൻ | 3 | 2 | 750000 | 446904 | 57.44% |
| അസി.സെക്രട്ടറി | 7 | 3 | 1375000 | 471650 | 41.35% |
| ആകെ | 165 | 113 | 94057187 | 47339037 | 50.33% |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1258 | 2071707<br>28507619 | 30579326 | 2071823<br>28507619 | 1142 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 28507503 | 30580468 | 28507503 | |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5280 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 2341200 | 210 |
| വിധവാപെൻഷൻ | 13805900 | 1162 |
| വാർദ്ധക്യകാലപെൻഷൻ | 24859700 | 1915 |
| വികലാംഗപെൻഷൻ | 2906100 | 304 |
| 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള അവിവാഹിത പെൻഷൻ | 699300 | 82 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2018 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 946/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്. പഞ്ചായത്തിന്റെ വസ്തുനികുതിയുടെ ഡി.സി.ബി. കണക്കുകൾ സഞ്ചയയിലുള്ളതും സാംഖ്യയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ അപാകതകളാണ് ഇതിന് കാരണം.

പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് പഞ്ചായത്ത് രൂപീകരിക്കപ്പെട്ടശേഷം, ആറു മാസത്തിനുള്ളിൽ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണം. എന്നാൽ ഓഡിറ്റ് കാലയളവു വരെ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്ന രീതിയിൽ ജീവനക്കാരെ വിന്യസിക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.

രസീത് വഴിയുള്ള പണം വരവ്, അതിന്റെ അടവ് എന്നിവ ചട്ടപ്രകാരം കൃത്യമായി നടക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഉറപ്പുവരുത്തുന്നുണ്ട്. ക്യാൻസൽഡ് രസീതുകളുടെ കൃത്യത ഉറപ്പു വരുത്താൻ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ശ്രദ്ധ ചെലുത്തേണ്ടതാണ്. സാംഖ്യ പ്രകാരമുള്ള കണക്കുകൾ പ്രതിമാസം റീകൺസൈൽ ചെയ്ത് വരവ്- ചെലവ് അനുപാതവും നീക്കിയിരുപ്പിന്റെ കൃത്യതയും ഉറപ്പുവരുത്തുന്നുണ്ട്.

ലഭിക്കുന്ന തപാലുകൾ മുഴുവൻ പേഴ്സണൽ രജിസ്റ്ററുകളിൽ ചേർക്കുന്നില്ല. അതിനാൽ സമയബന്ധിതമായി തപാലുകൾ തീർപ്പാകുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സാധിക്കുന്നില്ല.

പഞ്ചായത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ നികുതി നിർദേശങ്ങളോ, അതുമായി ബന്ധപ്പെട്ട ചർച്ചകളോ ഒന്നും തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ വന്നിട്ടില്ല. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായും നികുതി-നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല.

ജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനായി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തൻവർഷം ഈ ആവശ്യത്തിനായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടില്ല. വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി 2 പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ആകെ അടങ്കൽ 63,00,000.00 രൂപയും ചെലവ് 22,75,000.00 രൂപയുമാണ്. 2 പ്രോജക്ടുകൾ നടപ്പിലാക്കിയതിൽ 25000 രൂപ നിരാകരിക്കുകയും 1,50,000.00 രൂപ തടസ്സപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 'ക്ഷീരകർഷകർക്ക് ഇൻസെന്റീവ് നൽകൽ' എന്ന പ്രവൃത്തിയുടെ അടങ്കൽ തുകയും ചെലവ് തുകയും 28,59,002.00 രൂപയാണ്. രേഖകൾ ഭാഗികമായി മാത്രം ലഭ്യമാക്കിയിട്ടുള്ളതിനാൽ ചെലവ് തുക മുഴുവൻ (28,59,002.00 രൂപ) തടസ്സപ്പെടുത്തിയിട്ടുണ്ട്. ഡയറി എക്സ്റ്റൻഷൻ ഓഫീസർ, വെറ്ററിനറി സർജൻ എന്നീ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ ഭരണസമിതിയുടെ പ്രത്യേക വിലയിരുത്തൽ നടത്തേണ്ടതാണ്. പദ്ധതി നടത്തിപ്പിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ/വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായ രീതിയിൽ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ചതീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.9.18-26.9.18 | 8/2018 | No.110/2018 dt.26.9.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08-01-16 മുതൽ 22-01-16 വരെ | 2010-11 മുതൽ 2014-15 വരെ | 25-02-16 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ (ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ)

ഒന്നുമില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ്-നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214 അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 23.3.17 ലെ തീരുമാനം 1 അനുസരിച്ച് അംഗീകരിച്ചിട്ടുണ്ട്. 7.3.18 ലെ 4(1)-ാം നം തീരുമാനം പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുന്നതിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

<u>പ്ലാൻ - വാർഷിക വികസന പദ്ധതിയും ബജറ്റും</u>

വകുപ്പ് 214(1) D അനുസരിച്ച് ബജറ്റിനു മുന്നോടിയായി ഒരു വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും ആയത് ബജറ്റിന്റെ ഭാഗമാക്കേണ്ടതുമാണ്. 17-18 ലേക്കുള്ള പദ്ധതികൾ ഭരണസമിതി ചർച്ച ചെയ്ത് അംഗീകരിച്ചത് 29.05.2017നാണ്. ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിക്ക് ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമായിട്ടുള്ളത് 28.9.2017 നാണ്.

<u>നോൺ പ്ലാൻ എസ്റ്റിമേറ്റ്</u>

നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി ബജറ്റിനു മുമ്പായി വിളിച്ചു ചേർക്കേണ്ടതാണ്. 17-18ലെ ബജറ്റ് തയ്യാറാക്കുന്നതിന് എല്ലാ ഇംപ്ലിമെന്റിംഗ് ഓഫീസർമാരിൽ നിന്നും പ്രൊക്യൂർമെന്റ് പ്രൊപ്പോസലുകൾ 25.2.17ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ ആവശ്യപ്പെട്ടിട്ടില്ല.

ലഭ്യമാകുന്ന പ്രോപ്പോസലുകൾ സെക്രട്ടറി അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് മുമ്പാകെ സമർപ്പിക്കേണ്ടതാണ്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രോഡീകരിച്ചു നൽകുന്ന നോൺ പ്ലാൻ പ്രൊപ്പോസലുകൾ ഉപയോഗപ്പെടുത്തിയാണ് ധനകാര്യ

സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിലേക്കുള്ള അന്തിമ നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല. വാർഷിക ബജറ്റിൽ ആവശ്യമായ തുക വകയിരുത്താതെ പോകുന്നതിനും യഥാർത്ഥത്തിൽ ആവശ്യമായ തുക ചെലവഴിക്കുവാൻ സാധിക്കാതെ പോകുന്നതിനും ബജറ്റ് നടപടിക്രമങ്ങളിലെ പാളിച്ച കാരണമാകുന്നതാണ്. എല്ലാ ഘടകസ്ഥാപനങ്ങളുടേയും ആവശ്യകത വിലയിരുത്തിയതിനുശേഷം മാത്രം ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

18.3.2017 തിയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗത്തിൽ ബജറ്റ് എസ്റ്റിമേറ്റ് അവതരിപ്പിച്ച് പാസാക്കുകയും ഭരണസമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കാൻ തീരുമാനിക്കുകയും കാണുന്നു. 23.3.2017 തിയതിയിലെ ഭരണസമിതിയുടെ യോഗത്തിന്റെ മിനിറ്റ്സിൽ ബജറ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തൻവർഷം ഉയർന്നു വന്നിട്ടില്ല.

തുടർ വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. (എൻക്വയറി നമ്പർ 6/26.10.2018).

## 2-2 ക്യാൻസൽഡ് രശീതികളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്

2017-18 ലെ ക്യാൻസൽഡ് രസീപ്റ്റ്സ് റിപ്പോർട്ട്, രശീതി കൗണ്ടർഫോയിൽ എന്നിവയുമായി ഒത്തു നോക്കിയതിൽ ക്യാൻസലേഷൻ സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ഉള്ളതായി വ്യക്തമായി

1. ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽഡ് ആയി റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ല. ഉദാഹരണം - D 2739556, D 2739835, D 2740214, D 2740257 , D2740565, D 2740598, D 2740709

2. യഥാർത്ഥത്തിൽ വരവ് രേഖപ്പെടുത്തിയിട്ടുള്ള രശീതികളുടെ സ്റ്റേഷനറികളും ക്യാൻസൽ ചെയ്തതായി റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | രശീതി നമ്പർ തിയതി | സ്റ്റേഷനറി നമ്പർ | തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1. | 117020100473/ 19.5.17 | D 2739370 | 1203 | തുക വരവിലെടുത്തിട്ടുണ്ട് , ക്യാൻസൽഡ് റിപ്പോർട്ടിൽസ്റ്റേഷനറി ക്യാൻസൽഡ് ആയി കാണിച്ചിട്ടുണ്ട് . |
| 2 | 117020101050/15.7. 17 | 2739968 | 330 | തുക വരവിലെടുത്തിട്ടുണ്ട്, ക്യാൻസൽഡ് റിപ്പോർട്ടിൽസ്റ്റേഷനറി ക്യാൻസൽഡ് ആയി കാണിച്ചിട്ടുണ്ട് . |
| 3 | 117020101091/18.7.17 | 2740009 | 663 | തുക വരവിലെടുത്തിട്ടുണ്ട്, ക്യാൻസൽഡ് റിപ്പോർട്ടിൽസ്റ്റേഷനറി ക്യാൻസൽഡ് ആയി കാണിച്ചിട്ടുണ്ട് . |
| 4 | 117020101346/9.8.17 | 02740269 | 370 | തുക വരവിലെടുത്തിട്ടുണ്ട്, ക്യാൻസൽഡ് റിപ്പോർട്ടിൽസ്റ്റേഷനറി ക്യാൻസൽഡ് ആയി കാണിച്ചിട്ടുണ്ട് . |
| 5 | 117020101939/7.10.17 | 2740905 | 128 | തുക വരവിലെടുത്തിട്ടുണ്ട്, ക്യാൻസൽഡ് റിപ്പോർട്ടിൽസ്റ്റേഷനറി ക്യാൻസൽഡ് ആയി |

| | | | | |
|---|---|---|---|---|
| | | | | കാണിച്ചിട്ടുണ്ട് . |

3.ചില രശീതികൾ(സ്റ്റേഷനറി നമ്പർ) യഥാർത്ഥത്തിൽ ക്യാൻസൽ ചെയ്തതാണെങ്കിലും ക്യാൻസലേഷൻ റിപ്പോർട്ടിൽ ചേർത്തിട്ടില്ല.

ഉദാ- 2740801, 2741 407,2741487, 2741489

സ.ഉ(എം.എസ് )നം.150/2009/എൽ.എസ്.ജി.ഡി തിയതി 1-8-2009 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ പ്രകാരവും പണം കൈകാര്യം ചെയ്യുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. രസീതികൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ ഇല്ലെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്. (എൻക്വയറി നമ്പർ 7/29.10.2018).

## 2-3 വസ്തു നികുതി നിർണ്ണയം - കാലപ്പഴക്കത്തിന് ഇളവ് നല്കിയതിനാൽ നികുതിയിനത്തിൽ കുറവ്

പുതിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന്റെ കൃത്യത വിലയിരുത്തുന്നതിനായി 2017-18 ലെ ന്യൂ ബിൽഡിങ്ങ് രജിസ്റ്ററിലെ കെട്ടിടങ്ങളുടെ ഫോാം 6ലെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് പരിശോധിച്ചു. ഓരോ നമ്പറിലുമുള്ള കെട്ടിടത്തിന് നല്കിയിട്ടുള്ള ഇളവുകളും, വർദ്ധനവുകളും അർഹമായതു തന്നെയാണോ എന്നും പരിശോധിച്ചു. പുതിയതായി വസ്തു നികുതി നിർണയിച്ച ചില കെട്ടിടങ്ങളുടെ നികുതി നിർണയത്തിൽ കാലപ്പഴക്കം പരിഗണിച്ച് ഇളവ് നല്കിയതിനാൽ വസ്തു നികുതിയിൽ കുറവ് വന്നിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടനമ്പർ, ഉടമയുടെ പേര്, വിലാസം | തറ വിസ്തീർണ്ണം | ഉപയോഗ ക്രമം | അടി സ്ഥാന വസ്തു നികുതി | ഇളവുകൾ, വർദ്ധന വിന്റെ വിവരങ്ങൾ | ലൈബ്രറി സെസ്സ്, സേവന ഉപനികുതി | ആകെ ചുമത്തിയ വസ്തു നികുതി | ഈടാ ക്കേണ്ടിയി രുന്ന നികുതി | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | 4/709 , വാസന്തി, വേലന്താവളം | 20 m2 | വാണിജ്യാവശ്യത്തിനുള്ളവ | 40/m2 | ഇളവ് - 30%* വർദ്ധനവ് - ഇല്ല | 5%-L.C 10%-S.C# | 560+ 28-LC+ 56-SC ആകെ - 644 | 640+ 32-LC+ 64-SC ആകെ - 736 | 92 രൂപ കുറവ് |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2 | 4/710 , വാസന്തി , വേലന്താവളം | 20 m2 | വാണിജ്യാ വശ്യത്തി നുള്ളവ | 40 m2 | ഇളവ് - 30%* വർദ്ധ നവ് - ഇല്ല | 5%-L.C 10%-S.C# | 560+ 28-LC+ 56-SC ആകെ - 644 | 640+ 32-LC+ 64-SC ആകെ - 736 | 92 രൂപ കുറവ് |
| 3 | 4/711 , വാസന്തി, വേലന്താവളം | 20 m2 | വാണിജ്യാ വശ്യത്തി നുള്ളവ | 40 m2 | ഇളവ് - 30%* വർദ്ധനവ് - ഇല്ല | 5%-L.C 10%-S.C# | 560+ 28-LC+ 56-SC ആകെ - 644 | 640+ 32-LC+ 64-SC ആകെ - 736 | 92 രൂപ കുറവ് |
| 4 | 4/712 , വാസന്തി , വേലന്താവളം | 20 m2 | വാണിജ്യാ വശ്യത്തി നുള്ളവ | 40 m2 | ഇളവ് - 30%* വർദ്ധനവ് - ഇല്ല | 5%-L.C 10%-S.C# | 560+ 28-LC+ 56-SC ആകെ - 644 | 640+ 32-LC+ 64-SC ആകെ - 736 | 92 രൂപ കുറവ് |
| | | | | | | | | ആകെ | 368 രൂപ കുറവ് |

* നല്കിയ ഇളവുകൾ-1. ഷീറ്റ് മേൽക്കൂരയുടെ അടിസ്ഥാനത്തിലുള്ള ഇളവ് -10 %

2. മേഖലയുടെ അടിസ്ഥാനത്തിലുള്ള ഇളവ് - 10 %

3. കാലപ്പഴക്കത്തിനുള്ള ഇളവ് - 10%

# ഈടാക്കുന്ന സേവന ഉപനികുതികൾ -1. തെരുവ് വിളക്കുകൾക്ക് - 6%
2. ജലവിതരണം - 4%

തെറ്റായ ഇളവ് നല്കിയതിനാൽ നികുതിയിനത്തിൽ കുറവു വന്നത് തിരുത്തി കൃത്യമായി നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. വസ്തു നികുതി ഡിമാന്റിലും ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. (എൻക്വയറി നമ്പർ 20/30.10.2018)

## 2-4 വസ്തു നികുതി കുടിശ്ശിക - പഞ്ചായത്തിന് നികുതി

## വരമാനം ഉറപ്പുവരുത്തേണ്ടതാണ്.

2017-18 ലെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനായി വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ ആകെ 32 റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപടിയുടെ ഫലമായി ഒൻപത് കെട്ടിടങ്ങളുടെ നികുതി 2018-19 വരെ അടവാക്കി. റവന്യൂ റിക്കവറി നടപടിക്ക് ശേഷവും നികുതി കുടിശ്ശിക ഒടുക്കാത്തവരിൽ റിലയൻസ് ഇൻഫ്രാടെല്ലും ഉൾപ്പെടുന്നു. 1) 9/519 2) 4/76 എന്നീ നമ്പറുകളിലായി രണ്ട് മൊബൈൽ ടവറുകൾക്കായി 268290 വസ്തു നികുതി കുടിശ്ശിക ഒടുക്കുവാൻ ഉണ്ട്.

അഹല്യ ആയുർവേദ മെഡിക്കൽ കോളേജിന്റെ ഹോസ്റ്റൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കുന്നതു സംബന്ധിച്ച് കേസ് നിലവിലുണ്ട്. കേരള ഹൈക്കോടതിയിൽ നല്കിയിട്ടുള്ള WP(C) 2054/ 2017(F) നമ്പർ കേസിലൂടെ 17/415, 17/416 എന്നീ നമ്പറിലുള്ള ഹോസ്റ്റൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിരക്ക് വർദ്ധിപ്പിച്ച് ഡിമാന്റ് ചെയ്തത് ചോദ്യം ചെയ്യുകയും, ഈ കേസിൽ തീർപ്പാകുന്നതുവരെ നികുതി ഈടാക്കുന്നതിന് കോടതി ഇന്ററിം സ്റ്റേ ഓർഡർ നല്കുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടമെന്ന നിലയ്ക്ക് നികുതി കുറഞ്ഞ നിരക്കിൽ ഈടാക്കണമെന്നതാണ് സ്ഥാപനത്തിന്റെ ആവശ്യം. ഹോസ്റ്റൽ കെട്ടിടങ്ങളുടെ നികുതി ഈടാക്കുന്നത് സംബന്ധിച്ച് നിലനില്ക്കുന്ന ഉത്തരവുകൾ താഴെ ചേർക്കുന്നു.

1)സ.ഉ.(അ) നമ്പർ 19/2011/ ത.സ്വ.ഭ.വ, 14.1.2011(എസ്. ആർ. ഓ. നമ്പർ 36/2011) അനുസരിച്ച് വിദ്യാഭ്യാസ ആവശ്യങ്ങൾക്കുള്ള കെട്ടിടം എന്നത് വിദ്യാഭ്യാസ ആവശ്യത്തിന് നേരിട്ട് ഉപയോഗിക്കുന്ന കെട്ടിടങ്ങളും, ഇവയ്ക്ക് ചുമത്താവുന്ന നികുതി 3 മുതൽ 5 രൂപ വരെയാണ്

2)2013ലെ പഞ്ചായത്ത് രാജ് ( ഭേദഗതി )ആക്ട് 207 അനുസരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംബന്ധിച്ച് വസ്തു നികുതി ഒഴിവാക്കിയതായി സൂചിപ്പിച്ചിരിക്കുന്നത് ഹയർസെക്കണ്ടറി തലം വരെയുള്ള വിദ്യാഭ്യാസആവശ്യത്തിനുള്ള കെട്ടിടങ്ങളെയും , അതേ തലത്തിലുള്ള വിദ്യാർത്ഥികളുടെ താമസാവശ്യത്തിനുള്ള കെട്ടിടങ്ങളെക്കുറിച്ചുമാണ്.

3)സ.ഉ(അ). 36/2015, ത.സ്വ.ഭ.വ24.2.2015, ( SRO no.100/2015) പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്നിവയ്ക്ക് 30 മുതൽ 60 രൂപ വരെ വസ്തു നികുതി നിശ്ചയിക്കാൻ നിർദേശമുണ്ട്. വടകരപ്പതി പഞ്ചായത്ത് ഈ വിഭാഗത്തിലെ കെട്ടിടങ്ങൾക്ക് നിശ്ചിച്ചിരിക്കുന്ന നികുതി ഒരു ചതുരശ്ര മീറ്ററിന് 45 രൂപയാണ്

ഹയർസെക്കണ്ടറിതലം വരെയുള്ള ഹോസ്റ്റലുകൾ ഒഴികെയുള്ള ഹോസ്റ്റലുകൾക്ക് 30 മുതൽ 60 വരെയുള്ള നിരക്ക് നിശ്ചയിക്കാവുന്നതാണ് ( കേരള സംസ്ഥാന

ഓഡിറ്റ് വകുപ്പ്, ജില്ലാ ഓഡിറ്റ് കാര്യാലയം, ഡെപ്യൂട്ടി ഡയറക്ടറുടെ 2.2. 2018 ലെ കെ.എസ്.എ.പി.കെ.ഡി -11/28/2018 നമ്പർ കത്തിലെ സ്പഷ്ടീകരണം)

പഞ്ചായത്തിലെ കെട്ടിടങ്ങളുടെ നികുതി കൃത്യമായി നിർണയിച്ച് യഥാസമയം ഡിമാന്റ് ചെയ്ത് പരമാവധി നികുതി വരുമാനം ഉറപ്പാക്കേണ്ടതാണ്. (എൻക്വയറി നമ്പർ 8/ 24.11.18)

## 2-5 ബിൽഡിങ്ങ് പെർമിറ്റ് ഫീസ്- ഈടാക്കിയ നിരക്കിൽ അപാകത

2017-18 ൽ സങ്കേതം സോഫ്റ്റ് വെയറിലൂടെ സമർപ്പിച്ച അപേക്ഷകൾ, ലഭിച്ച പെർമിറ്റ് അപേക്ഷകളുടെ ഹാർഡ് കോപ്പികൾ, ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ താഴെ ചേർക്കുന്നു ,

വടകരപ്പതി ഗ്രാമപഞ്ചായത്ത് കേരള പഞ്ചായത്ത് ബിൽഡിങ്ങ് റൂൾസ് അനുസരിച്ച് കാറ്റഗറി II – ൽ ഉൾപ്പെട്ട പഞ്ചായത്താണ്. കാറ്റഗറി II പഞ്ചായത്തിൽ ഗാർഹിക കെട്ടിടത്തിന് 3/ചതുരശ്ര മീറ്റർ, വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 5/ചതുരശ്ര മീറ്റർ എന്നിങ്ങനെയാണ് പെർമിറ്റ് ഫീസ്. 2017-18 വർഷത്തിൽ ലഭിച്ച ചില പെർമിറ്റ് അപേക്ഷകളിൽ വ്യത്യസ്ത നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കിയിരിക്കുന്നത്

1) വടകരപ്പതി പഞ്ചായത്തിൽ താമസാവശ്യത്തിനുള്ള കെട്ടിട നിർമാണത്തിന് ഒരു ചതുരശ്ര മീറ്ററിന് അഞ്ച് രൂപ എന്ന നിരക്കിലും പെർമിറ്റ് ഫീസ് ഈടാക്കിയിട്ടുണ്ട്.

2) കെ. പി.ബി. ആർ നിയമങ്ങൾ പാലിച്ച് നിർമിച്ചിട്ടുള്ള കെട്ടിടം ക്രമവൽക്കരിക്കുന്നതിന് ഈടാക്കേണ്ട ഫീസ് നിലവിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ്. ഇതനുസരിച്ച് താമസാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ക്രമവൽക്കരണഫീസ് 6/m2 ആണ് .

കെ . പി.ബി.ആർ - ൽ നിർദേശിച്ചതിലും വ്യത്യസ്തമായി പെർമിറ്റ് ഫീസ് ഈടാക്കിയതിന്റെ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷ നമ്പർ, തിയതി | പെർമിറ്റ് ആവശ്യമായ ഏരിയ | ഗാർഹികം/ ഗാർഹി കേതരം | ഈടാക്കിയ ഫീസ്, രശീതി നമ്പർ | ഈടാ ക്കേണ്ട ഫീസ് | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | 892/18 | 429 m2 | വിദ്യാഭ്യാസ ആവശ്യ ത്തിനുള്ളത് | 3053, 1170201054126 /7.3.18 | 2145 (5/m2) | 7രൂപ /m2 ഈടാക്കി |

| | | | | | | |
|---|---|---|---|---|---|---|
| 2 | A2 -4625/ 5.7.17 (റെഗുലറൈസേഷൻ) | 121.47 m2 | റെസിഡൻഷ്യൽ | 117020101387, 388/14.8.17 ₹. 1750 (839 കെട്ടിടനികുതി 911 റെഗുലറൈസേഷൻ ഫീ) | 728.82 (6/m2) | 7.5/m2 ഈടാക്കി |
| 3 | A2-6880/ 17, 10.10.17 . | 182.77m2 | റെസിഡൻഷ്യൽ | ₹.960 (910 – പെർമിറ്റ് ഫീ+ ₹.50 പോസ്റ്റേജ് ) 117020102724/ 30.10.18 | 549 (3/m2) | 5/m2 ഈടാക്കി |
| 4 | A2-9291/ 17, 23.12.17 | 54.2 m2 | റെസിഡൻഷ്യൽ | ₹. 272, 117020104053/ 28.12. 17 | 164 3/m2 | 5/m2 ഈടാക്കി |
| 5 | A2- 2198 / 18, | 200.16 m2 | റെസിഡൻഷ്യൽ | ₹.1000 117020101058 /31.3.18 | 601 3/m2 | 5/m2 ഈടാക്കി |

മേൽ സൂചിപ്പിച്ച വ്യതിയാനങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട നല്കിയ എൻക്വയറിയ്ക്ക് (എൻക്വയറി 20/31.10. 2018) മറുപടിയായി നിലവിൽ സങ്കേതം സോഫ്റ്റ് വെയറിൽ വടകരപ്പതി ഗ്രാമപഞ്ചായത്തിലെ താമസാവശ്യത്തിനുള്ള കെട്ടിടനിർമാണത്തിന് ചുമത്തിയിരിക്കുന്ന പെർമിറ്റ് ഫീസ് ച.മീറ്ററിന് മൂന്നു രൂപ നിരക്കിലും വാണിജ്യ, വ്യാവസായിക ആവശ്യത്തിനുള്ളവയ്ക്ക് അഞ്ചു രൂപ നിരക്കിലുമാണ്. വിദ്യാഭ്യാസ, വ്യാവസായിക ആവശ്യത്തിന് ചുമത്തിയിട്ടുള്ള ഫീസിലും, ക്രമവൽക്കരണത്തിനുള്ള പെർമിറ്റ് ഫീസിലും അപാകതയുള്ളത് പരിഹരിക്കുന്നതിനായി ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ച് തുകകൾ കൃത്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചു .

## 2-6 ഡി ആന്റ് ഓ ലൈസൻസ് -ഭേദഗതി ചട്ടം പ്രാവർത്തികമാക്കേണ്ടതാണ്

31.10.2017 തിയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ്(അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം 2017 പ്രകാരം അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്ക മുമ്പ് ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് പരമാവധി ഫീസ് ഈടാക്കേണ്ടത് .

പുതുക്കിയ ചട്ടം അനുസരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കി തുടങ്ങിയിട്ടുണ്ട് എന്ന് ഇതേക്കുറിച്ച് നല്കിയ എൻക്വയറി നം. 10/29.10.2018ന് മറുപടി നല്കി. ഇക്കാര്യത്തിനായി ഭരണസമിതി തീരുമാനം എടുക്കുകയും, അപേക്ഷാഫോമിൽ പുതിയ നിയമത്തിനനുസരിച്ച് വിവരങ്ങൾ ഉൾപ്പെടുത്തുന്നതിന് മാറ്റങ്ങൾ വരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 പ്ളാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്ളാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ന് 24.9.16 ലെ സർക്കുലറിലൂടെ താഴെ ചേർത്തിട്ടുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1 .വിൽപന സാധനങ്ങൾ 50മൈക്രോണിൽ കുറയാത്ത ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ.

2. വിൽപന സാധനങ്ങൾ പ്ളാസ്റ്റിക് ക്യാരി ബാഗിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം .

3.ഒരു മാസം കുറഞ്ഞത് 4000 രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000 രൂപ പ്ളാസ്റ്റിക്ക് മാലിന്യ പരിപാലന ഫീയായി മേൽപ്രകാരം ഈടാക്കി രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിജ്ഞാപനം , ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

4. പ്ളാസ്റ്റിക് മാലിന്യത്തിന്റെ തോത് അനുസരിച്ച് കൂടുതൽ മാലിന്യ പരിപാലന ഫീസ് വ്യാപാരികളിൽ നിന്നും ഈടാക്കാവുന്നതാണ്.

5. പ്ളാസ്റ്റിക് ക്യാരി ബാഗുകൾക്ക് ഫീസ് ഈടാക്കുന്നതാണ് എന്നത് വളരെ വ്യക്തമായ രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

6 പ്ലാസ്ററിക് മാലിന്യ പരിപാലന ഫീയായി ഈടാക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൽക്കായി ഉപയോഗപ്പെടുത്താവുന്നതാണ്

വടകരപ്പതി ഗ്രാമ പഞ്ചായത്തിൽ പ്ളാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുന്നതിനായും , മാലിന്യ പരിപാലനം, സംസ്കരണം കാര്യക്ഷമമാക്കുന്നതിനും നിശ്ചിത അളവിൽ അല്ലാതെ ഉള്ള പ്ളാസ്റ്റിക്ക് കവറുകൾ ഇൻസ്പെക്ഷൻ നടത്തി കണ്ടുകെട്ടുകയും പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട് എന്നാണ് ഇക്കാര്യത്തെക്കുറിച്ച് നല്കിയ എൻക്വയറി നം. 12/29.10.18ന് മറുപടി നല്കി. സർക്കുലറിലെ നിർദേശങ്ങൾ അനുസരിച്ച് മാലിന്യസംസ്കരണ സംവിധാനം നടപ്പിലാക്കുന്നതിനും, മാലിന്യ സംസ്കരണത്തിനായി ഫീസ് ഈടാക്കുകയും ചെയ്യുന്നതിനായി നടപടി സ്വീകരിക്കേണ്ടതാണ്.

## 2-8 <u>തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.</u>

തൊഴിൽ നികുതിയിനത്തിലെ വരവിന്റെ കൃത്യത പരിശോധിക്കുന്നതിനായി സ്ഥാപനത്തിലെ നിലവിലുള്ള സ്ഥാപന രജിസ്റ്റർ, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചു. ഇവയിൽ നിന്നും 2017-18വർഷത്തിൽ പഞ്ചായത്തിന്റെ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് വ്യക്തമായി. പഞ്ചായത്തിലെ എഗ്രിമെന്റ് രജിസ്റ്റർ അനുസരിച്ച് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

1 .ശ്രീ. ശിവൻ. ആർ

2.ശ്രീ. കോമളദാസ്.വി

3. ശ്രീ. അഭിലാഷ് .ആർ

4. ശ്രീ.സുകുമാരൻ. ആർ

5. ശ്രീ.അശോകൻ .വി

6. ശ്രീ.വിനോദ്. എസ്

7. ശ്രീ.ശിവൻ. എ

8. ശ്രീ.ഗുരുവായൂരപ്പൻ

9. ശ്രീ. പരമേശ്വരൻ.വി

10. ശ്രീ.എൻ . രാജേന്ദ്രൻ

11. ശ്രീ.എം.ബാബു

12. ശ്രീ.എ.പഴണിസ്വാമി

13. ശ്രീ.മുത്തിലിഫ്

14. ശ്രീ.സജീവൻ

15. ശ്രീ. സി. ബാബു

16. ശ്രീ.ജി. അയ്യാസ്വാമി

17. ശ്രീ.ബി .സുനിൽകുമാർ

18. ശ്രീ.കിരൺ.കെ

മേൽസൂചിപ്പിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ് . (എൻക്വയറി നമ്പർ 11/29.10.2018)

## 2-9 വെള്ളക്കരം രജിസ്റ്റർ - വിവരങ്ങൾ അപൂർണം

2017- 18 വർഷത്തെ വെള്ളക്കരം രജിസ്റ്റർ അനുസരിച്ച് 1353 കണക്ഷനുകൾ ഉണ്ട്. പഞ്ചായത്ത് നേരിട്ട് നടത്തുന്ന ഒൻപത് കുടി വെള്ളപദ്ധതികളിൽ നിന്നുമാണ് ഈ കണക്ഷനുകൾ നല്കിയിട്ടുള്ളത്. വെള്ളക്കരം രജിസ്റ്ററിൽ, കുടിവെള്ള കണക്ഷൻ സംബന്ധിച്ച് താഴെ കൊടുത്തിട്ടുള്ള കാര്യങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

1. കണക്ഷനുകളുടെ തരം - ഗാർഹികം, വാണിജ്യം, വ്യാവസായികം എന്നിവ തരം

തിരിച്ച് രേഖപ്പെടുത്തേണ്ടതാണ്.

2.ലഭിക്കാനുള്ള കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്കുകൾ രേഖപ്പെടുത്തേണ്ടതാണ്

3. ഓരോ വർഷവും നല്കിയ പുതിയ കണക്ഷനുകൾ, വിച്ഛേദിച്ച കണക്ഷൻ എന്നിവയുടെ സംക്ഷിപ്ത വിവരവും എഴുതി സൂക്ഷിക്കേണ്ടതാണ്.

4.രജിസ്റ്ററിൽ വർഷാവസാനം സംക്ഷിപ്തം ചേർത്തിട്ടുണ്ടെങ്കിലും ഓരോ കണക്ഷനിലും തുക പൂർണമായി ലഭിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല.

വെള്ളക്കരം കുടിശ്ശിക ഇനത്തിൽ 2760896 രൂപ പഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-10 ജില്ലാ പഞ്ചായത്തിൽ നിന്നും ടെണ്ടർഫോം ഇനത്തിൽ ലഭിക്കേണ്ട തുകകൾ ലഭ്യമായിട്ടില്ല

ജില്ലാ പഞ്ചായത്തിൽ നിന്നും ടെണ്ടർ ഫോം വില ഇനത്തിൽ ലഭിക്കേണ്ട തുകകൾ നാളിതുവരെ ലഭ്യമായിട്ടില്ല. തുകകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ലഭിക്കുന്ന തുകകൾ ലഭ്യമാകുന്ന മുറയ്ക്ക് പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-11 നിഷ്ക്രിയമായി കിടക്കുന്ന അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് സാക്ഷരത ഇനത്തിൽ ലഭിക്കുന്ന തുകകൾ നിക്ഷേപിക്കുന്നതിനു വേണ്ടി മുൻ വർഷങ്ങളിൽ ആരംഭിക്കുകയും എന്നാൽ കാലാകാലങ്ങളായി ഇടപാടുകൾ ഇല്ലാത്തതുമായ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യാതെ അവശേഷിക്കുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നം. | എ.എഫ്.എസ് |
|---|---|---|

| | | |
|---|---|---|
| | | പ്രകാരം അവശേഷിക്കുന്ന തുക |
| കനറാ ബാങ്ക്, വേലന്താവളം | അക്കൗണ്ട് നം. 11071 | 1493/- |

അക്കൗണ്ട് അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവുവിളക്കുകളുടെ പരിപാലനം- കെ.എസ്.ഇ.ബി ക്ക് അധികം നൽകിയ വൈദ്യുതി ചാർജ്ജ് ക്രമീകരിക്കണം

വടകരപ്പതി ഗ്രാമപഞ്ചായത്തിന് തെരുവുവിളക്കുകളുടെ പരിപാലനത്തിനായി തുക അധികമായി ചെലവഴിച്ചു വരുന്നുണ്ട്. വിവിധ രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. വൈദ്യുതി ചാർജ്ജ്

വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് വടകരപ്പതി ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന തെരുവുവിളക്കുകളാണ് നിലവിലുള്ളത്. ആയതിന്റെ അടിസ്ഥാനത്തിലാണ് വൈദ്യുത ചാർജ് അടവാക്കുന്നത്.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | ഫ്ളൂറസെന്റ് ട്യൂബ് 40 W | 112 | 66 | 7392 |
| 2 | ഡബിൾ ട്യൂബ് 2*40 W | 226 | 134 | 30284 |
| 4 | സോഡിയം വേപ്പർ ലാമ്പ് - 250 W | 32 | 447 | 14304 |
| 5 | സി.എഫ്.എൽ - 18 W | 649 | 26 | 16874 |
| ആകെ | | 1019 | | 68854 |

2017-18 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം വർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് 819174 രൂപയാണ്.

ബി.തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ

തെരുവുവിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഇപ്പോഴും മീറ്റർ സ്ഥാപിക്കാതെ *Burning Hours ന്റെ* അടിസ്ഥാനത്തിലാണ് അടവാക്കുന്നത്. 2016-17 ലെ 188/17 നമ്പർ പ്രോജക്റ്റ് (സ്ട്രീറ്റ് ലൈറ്റ് ബൾക്ക് മീറ്റർ) പ്രകാരം മീറ്റർ സ്ഥാപിക്കുന്നതിന് വൈദ്യുതി ബോർഡിൽ ₹ 975200/- അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മീറ്റർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടില്ല.

| ക്രമ നം. | പ്രൊജക്റ്റ് നമ്പറും,പേരും | ചെലവ് | | റിമാർക്സ് |
|---|---|---|---|---|
| | | തുക (₹) | ബിൽ നം.& തീയതി | |
| 1 | 135/18, സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ | 1499904 | 13/31-10-17 (ധനകാര്യ കമ്മീഷൻ അവാർഡ്) | 864 എണ്ണം എൽ ഇ ഡി ലാമ്പ് സെറ്റ് വാങ്ങിയത് (LED 25 Watts) |
| 2 | 73/18, തെരുവ് വിളക്കുകളുടെ പരിപാലനം | 262710 | 21/9-02-18 (മെയിന്റിനൻസ് ഫണ്ട്- റോഡിതരം) | എൽ ഇ ഡി ലാമ്പുകൾ ഫിറ്റ് ചെയ്തതിന് നൽകിയ തുക |

2016-17 വർഷത്തെ പദ്ധതി പ്രകാരം വാങ്ങിയ 81 ലൈറ്റുകളും, 2017-18 വർഷത്തെ പദ്ധതി യിൽ ഉൾപ്പെടുത്തി വാങ്ങിയ 864 ലൈറ്റുകളും ഉൾപ്പെടെ 945 ലൈറ്റുകൾ ഫിറ്റ് ചെയ്തതിനാണ് മേൽ പറഞ്ഞ ₹ 262710/- കരാറുകാരന് നൽകിയത്. ഇപ്പോൾ (ഫെബ്രുവരി 2018 മുതൽ) ഗ്രാമ പഞ്ചായത്തിലെ എല്ലാ തരത്തിലുമുള്ള ലൈറ്റുകളും ഒഴിവാക്കിയാണ് എൽ ഇ ഡി ലൈറ്റുകൾ ഇലക്ട്രിക് പോസ്റ്റുകളിൽ ഫിറ്റ് ചെയ്തിരിക്കുന്നത്. ആകയാൽ നിലവിൽ വൈദ്യുത ചാർജ്ജ് അധികമായാണ് കെ എസ് ഇ ബി ഈടാക്കി വരുന്നത്. ഫെബ്രുവരി 2018 മുതൽ നാളിതുവരെ അധികം നൽകിയ തുക കണക്കാക്കി കെ എസ് ഇ ബി യിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. അധികം നൽകിയ തുക സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെ.എസ്.ഇ.ബി യിൽ 2018 ഫെബ്രുവരി മുതൽ ഒക്ടോബർ മാസം വരെ വൈദ്യുത ചാർജ്ജായി | 945 ലൈറ്റുകൾക്ക് കെ.എസ്.ഇ.ബി യിൽ 2018 ഫെബ്രുവരി മുതൽ ഒക്ടോബർ മാസം വരെ വൈദ്യുത ചാർജ്ജായി അടവാക്കേണ്ടിയിരുന്ന | വ്യത്യാസം |
|---|---|---|

| അടവാക്കിയ തുക | തുക (LED 25 Watts @ ₹25/month) | |
|---|---|---|
| ₹ 619686/- (68854*9) | ₹ 212625/- (23625*9) | ₹407061/- |

കെ.എസ്.ഇ.ബി യിൽ നിന്നും വൈദ്യുത ചാർജ്ജായി അധികം തുക തിരികെ ഈടാക്കുന്നതിനുള്ള/ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം.18/30.10.2018) അധികമായി നൽകിയ തുക ക്രമീകരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-2 ഡെപ്പോസിറ്റ് വർക്കുകൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യക്കേണ്ടതാണ്

താഴെ പറയുന്ന ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിച്ച് ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നമ്പരും,പേരും | അടങ്കൽ | ചെലവ് | ബിൽ നം./വൗച്ചർ നം.&തിയതി | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 118/18, വിവിധവാർഡുകളിൽപൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 3008266 | 2827363 | 13/ 06-01-2018-(1043161), 14/ 06-01-2018-(481839), 21/ 23-02-2018-(1302363) | എക്സി.എഞ്ചിനീയർ, കേരള ജല അതോറിറ്റി, പി.എച്ച്.ഡിവിഷൻ, പാലക്കാട് |
| 2 | 115/18, വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ്ലൈൻ നീട്ടൽ | 1200000 | 1194750 | 31/ 16-03-2018 | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, വേലന്താവളം |
| 3 | 176/18, വിവിധ എസ്.ടി കോളനികളിൽ വാട്ടർ | 1139629 | 800000 | 27/ 28-02-2018 | എക്സി.എഞ്ചിനീയർ, കേരള ജല അതോറിറ്റി, പി.എച്ച്.ഡിവിഷൻ, പാലക്കാട് |

| | | | | | |
|---|---|---|---|---|---|
| | അതോറിറ്റിയുടെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | | | |
| 4 | 180/18, വിവിധഎസ്.സി കോളനികളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 1150000 | 1000000 | 26/ 28-02-2018 | എക്സി.എഞ്ചിനീയർ, കേരള ജല അതോറിറ്റി, പി.എച്ച്.ഡിവിഷൻ, പാലക്കാട് |

ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.4/25-10-2018)

## 3-3 മുൻ വർഷങ്ങളിൽ ലഭിച്ച വിവിധ ഫണ്ടുകൾ മുഴുവനായും ചെലവഴിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിന് ലഭിച്ച വിവിധ ഫണ്ടുകൾ മുഴുവനായും ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | രശീതി നം. & തീയതി | ലഭിച്ച തുക (₹) | ചെലവായ തുക (₹) | ബാലൻസ് (₹) | റിമാർക്സ് |
|---|---|---|---|---|---|
| 1 | 11502400012 /09.10.2015 | 41610 | 0 | 41610 | ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ വി ഇ ഒ നിക്ഷേപിച്ച എം എൻ ലക്ഷം വീട് പദ്ധതി പ്രകാരം ബാലൻസുണ്ടായിരുന്ന തുക |
| 2 | 11502500007 /17.10.2015 | 5400000 | 3575379 | 4574621 | ATSP ഇനത്തിൽ ചെലവഴിക്കാതെ നീക്കിയിരിപ്പുള്ള ₹4574621/- യിൽ ₹3560000/- മല്ലമ്പതി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി വകയിരുത്തിയിട്ടുണ്ട്. ടി പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടില്ല. |
| 3 | 11602500006 /01.06.2016 | 2750000 | | | |

| | | | | | |
|---|---|---|---|---|---|
| 4 | 117100900054 /09.01.2018 | 300000 | 258481 | | 2017-18 പ്രോജക്റ്റ് നം.74/18 (പാലിയേറ്റീവ് കെയർ) പ്രകാരം നീക്കിയിരിപ്പുള്ള തുക |

മേൽ പറഞ്ഞ ഫണ്ടുകൾ ചെലവഴിക്കാത്ത പക്ഷം ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.4/25-10-2018)

# 3-4 സാക്ഷരതാ പ്രേരക്മാർക്ക് നൽകിയ ഓണറേറിയം നാളിതുവരെയും തിരികെ ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ സാക്ഷരതാ പ്രേരകിനും, അസിസ്റ്റന്റ് സാക്ഷരതാ പ്രേരകിനും തനത് ഫണ്ടിൽ നിന്നും നൽകിയ ഓണറേറിയം മുഴുവനായും തിരികെ സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1-04-2017 വരെ തിരികെ ലഭിക്കാനുള്ള തുക | 99890 |
| തൻവർഷം പ്രേരക്മാർക്ക് നൽകിയ തുക | 22500 |
| ആകെ | 122390 |
| തുക തിരികെ ലഭിച്ചത് | 58200 |
| തുക തിരികെ ലഭിക്കാനുള്ളത് | 64190 |

സാക്ഷരതാ മിഷനിൽ നിന്നും ₹ 64190/- തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.15/29-10-2018)

# 3-5 സമഗ്ര തെങ്ങ് കൃഷി വികസനം പദ്ധതി- അർഹമായതിലും അധികം തുക അനുവദിച്ചു.

പ്രോജക്റ്റ്- സമഗ്ര തെങ്ങ് കൃഷി വികസനം - 178/ 18

അടങ്കൽ - 2531250 (വികസന ഫണ്ട് - 1275000 + ഗുണഭോക്തൃ വിഹിതം - 1256250)

ചെലവ് - ബിൽ നമ്പർ - 3/17-18, 22.3.18, ₹. 654594

ബിൽ നമ്പർ - 4/17-18, 26.3.18, ₹. 28125

ആകെ - ₹. 682719

2017-18 വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിൽ ,തെങ്ങ് കൃഷി വികസനം പദ്ധതിയിലെ ഒരു ഗുണഭോക്താവിന് അർഹമായതിലും അധികം തുക അനുവദിച്ചിട്ടുണ്ട് . ശ്രീ തിരുമൂർത്തി എന്ന കർഷകനാണ് അധികം തുക അനുവദിച്ചിട്ടുള്ളത്. കർഷകന്റെ അപേക്ഷയിലെ വിവരങ്ങളനുസരിച്ച് അർഹതാ മാനദണ്ഡത്തിനനുസൃതമായി നിശ്ചയിച്ച തുക 3297 രൂപയാണ് അനുവദിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നത്. ട്രഷറി ബില്ലിനൊപ്പം സൂക്ഷിച്ചിട്ടുള്ള സ്റ്റേറ്റ്മെന്റ് അനുസരിച്ച് ശ്രീ . തിരുമൂർത്തിയുടെ അക്കൗണ്ടിലേക്ക് (കാനറാ ബാങ്ക് , അക്കൗണ്ട് നമ്പർ 0835101022487) - 13613 രൂപയാണ് നല്കിയിരിക്കുന്നത് .

ഈ അപാകതയ്ക്ക് വിശദീകരണം അവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക് (9/29.10.18) മറുപടിയായി ശ്രീ തിരുമൂർത്തിയുടെ മകൾ ശ്രീമതി രുക്മിണിയും ഇതേ പദ്ധതിയുടെ ഗുണഭോക്താവാണെന്നും, ശ്രീമതി രുക്മിണിയ്ക്ക് അനുവദിച്ച തുക 10316 രൂപയും , ശ്രീ തിരുമൂർത്തിയുടെ തുക 3297 രൂപയും ചേർത്തുള്ള തുകയാണ് കാനറാ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുള്ളതെന്ന് അറിയിച്ചു. ശ്രീമതി രുക്മിണി സബ്സിഡി അനുവദിക്കുന്നതിനായി തന്ന അക്കൗണ്ട് നമ്പർ തമിഴ് നാട്ടിലേതായതിനാൽ ഇവർക്കുള്ള തുക ട്രഷറിയിലൂടെ നല്കാൻ പറ്റാതെ വരികയും ചെയ്തതിനാൽ ആനുകൂല്യം നഷ്ടപ്പെടുത്താതിരിക്കാനാണ് ഇവരുടെ അച്ഛന്റെ അക്കൗണ്ടിലേക്ക് നല്കിയത് എന്നും അറിയിച്ചു . എന്നാൽ ഇത് സംബന്ധിച്ച രേഖകളൊന്നും തന്നെ സൂക്ഷിച്ചിട്ടില്ല. ഇത്തരത്തിൽ തുക അക്കൗണ്ടിലേക്ക് മാറ്റുമ്പോൾ രേഖാമൂലമുള്ള അപേക്ഷ അനുസരിച്ച് മാത്രം തുക ട്രാൻസ്ഫർ ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 കറവപശുവളർത്തൽ (വനിത) പദ്ധതി- മോണിട്ടറിംഗ് കാര്യക്ഷമമല്ല

നിർവഹണോദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

സ്റ്റാൻഡിംഗ് കമ്മറ്റി-വികസനകാര്യം

വർക്കിംഗ് ഗ്രൂപ്പ്-മൃഗസംരക്ഷണം, ക്ഷീരവികസനം

പ്രൊജക്ട് നം.105/18 പ്രകാരം കറവയുള്ള പശുക്കളെ വാങ്ങി അർഹരായ വനിതാ ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ലക്ഷ്യമിട്ടു. പദ്ധതി പ്രകാരം 6000000 രൂപ വികസനഫണ്ടിൽ വകയിരുത്തി. താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം പദ്ധതി

നടപ്പിലാക്കുന്നതിനായി തുക ചെലവഴിച്ചു.

| ബിൽനം. | തുക | |
|---|---|---|
| 2/12.3.18 | 250000 | 10 പേർക്ക് 25000 വീതം |
| 3/21.3.18 | 1400000 | 48 പേരുടെ അക്കൗണ്ടിലേക്ക് തുക നേരിട്ട് നൽകുകയും ബാക്കി 200000 രൂപ ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ച് തമിഴ്നാട്ടിലെ അക്കൗണ്ടുള്ള വ്യക്തികൾക്ക് പിന്നീടാണ് നൽകിയിട്ടുള്ളത്. |
| 4/28.3.18 | 325000 | 13 പേർക്ക് 25000 വീതം |

പശുവിന് 50000 രൂപ യൂണിറ്റ് കോസ്റ്റ് കണക്കാക്കി 50% തുകയായ 25000 രൂപ വീതം പശുവിനെ നൽകിയ വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക അനുവദിക്കുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അർഹരായ ഗുണഭോക്താക്കൾക്കു തന്നെയാണോ ആനുകൂല്യം നൽകിയിട്ടുള്ളതെന്നും പദ്ധതി മാർഗരേഖക്ക് അനുസൃതമായാണോ നടപ്പിലാക്കിയിട്ടുള്ളതെന്നും പരിശോധിക്കുന്നതിന് ലക്ഷ്യമിട്ടുള്ള പ്രകാരം പരിശോധന നടത്തിയപ്പോൾ ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി

1) ഒരേ കുടുംബത്തിലെ അംഗത്തിൽനിന്ന് പശുവിനെ വാങ്ങിയതായി കാണിച്ച് തുക അനുവദിച്ചു

അമലോർപവമേരി, W/O ഹെൻട്രി അലക്സാണ്ടർ കണക്കൻകുളം, കോഴിപ്പാറ എന്നവരുടെ 1947024527/5.3.2011 നമ്പർ റേഷൻകാർഡിൽ ഉൾപ്പെട്ടിട്ടുള്ള ഭർത്താവിന്റെ അമ്മയായ അലിസമ്മാൾ എന്നവരിൽനിന്ന് പശുവിനെ വാങ്ങിയതായി കാണിച്ച് 08353510101010642എന്ന ബാങ്ക് അക്കൗണ്ടിലേക്ക് 25000 രൂപ അനുവദിച്ചു. മറ്റൊരു രേഖയായ തൊഴിലുറപ്പുപദ്ധതിയുടെ കുടുംബ തൊഴിൽകാർഡിലും (നം. KL-06-003-007-015/50) ഈ രണ്ടു വ്യക്തികളും ഉൾപ്പെടുന്നു. ഗുണഭോക്താവിന്റെ കുടുംബത്തിൽ നിന്ന് പശുവിനെ വാങ്ങിയതായി കാണിച്ച് സബ്സിഡി തുക 25000 രൂപ അനുവദിച്ച നടപടി അംഗീകരിക്കുന്നില്ല. നഷ്ടതുക തിരികെ ഈടാക്കേണ്ടതാണ്

2) വരുമാനപരിധിയിൽ കൂടുതലുള്ളവർക്കും ആനുകൂല്യംനൽകി

പതിമൂന്നാം പദ്ധതി സബ്സിഡിമാർഗരേഖപ്രകാരം 50000 രൂപ വരെ വാർഷികവരുമാനപരിധിയുള്ളവർക്ക് മുൻഗണനനൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ, ലഭ്യമാക്കിയിട്ടുള്ള വരുമാനസർട്ടിഫിക്കറ്റ് പ്രകാരം വ്യക്തിഗത ആനുകൂല്യം കൈപ്പറ്റുന്നതിന്റെ ഉയർന്ന

വരുമാന പരിധിയായ 100000 രൂപയിലും ഉയർന്നവരുമാനമുള്ളവരാണ്. വിശദവിവരം ചുവടെചേർക്കുന്നു

| ഗുണഭോക്താവിന്റെ പേര് | വരുമാന സർട്ടിഫിക്കറ്റിലെ വരുമാനം | റിമാർക്സ് |
|---|---|---|
| ദേവികല സ്വാമിനാഥൻ, ഒഴലപ്പതി | 176000 | റേഷൻകാർഡ് പ്രകാരം ഭർത്താവായ സ്വാമിനാഥൻ ഗവ.ജീവനക്കാരനാണ്. ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ അടിസ്ഥാനത്തിൽ തുക 8.11.2018 തീയതിയിൽ സബ് ട്രഷറി ചിറ്റൂരിൽ തിരിച്ചടച്ച് രേഖകൾ ലഭ്യമാക്കി |

3) പശുവിനെ നൽകിയ വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക അനുവദിക്കാതെ അന്യ വ്യക്തിക്ക് തുക നൽകി.

സബ്സിഡി മാർഗരേഖയിലെ വ്യവസ്ഥ പ്രകാരം ഉരുക്കളെ നൽകുന്ന വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക അനുവദിക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് പശു നൽകിയ വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക അനുവദിക്കുന്നതിനുപകരം അന്യവ്യക്തികളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദാംശം താഴെ ചേർക്കുന്നു

| ഗുണഭോക്താവിന്റെ പേര് | പശുവിനെ നൽകിയ വ്യക്തി | തുക അനുവദിച്ച വ്യക്തിയുടെപേരും ബാങ്ക് അക്കൗണ്ടും |
|---|---|---|
| അമലോർപവമേരി, കൊളമാചള്ള, മേനോൻപാറ | സബീനാ ജോസഫൈൻ, | ശെൽവരാജ്.ആർ<br>866070830167 |
| കലാവതിമുത്തു, വേലന്താവളം | പനീർശെൽവം, നൊച്ചികൊട്ട | ശെൽവരാജ്.ആർ<br>866070830167 |
| സഹായമേരിപുഷ്പം, കണക്കൻകളം, കോഴിപ്പാറ | അരുളപ്പൻ നിലംപതി | വിമലപുഷ്പംകെ, 0835101010472 |
| കലാവതി, ഒഴലപ്പതി | കൃഷ്ണസ്വാമി, അയ്യാസ്വാമി | മുരുകേശൻചന്ദ്രവല്ലി<br>67226954920 |
| രാധാമണിമാരിമുത്തു, കിണർപ്പള്ളം | എം.സരസ്വതി | രാധാൾ<br>0835108019611 |

ഈ വ്യക്തികളുടെ അക്കൗണ്ടിലേക്ക് തുക അനുവദിക്കുന്നതിന് പശുവിനെ നൽകിയ ഗുണഭോക്താക്കളുടെ "സമ്മതപത്രം" വാങ്ങിയിട്ടില്ല. അന്യവ്യക്തികൾക്ക് തുക നൽകിയതിന് മതിയായ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/29.10.218ന് "ഗുണഭോക്താക്കൾ അപേക്ഷ തരുമ്പോൾ പശു നൽകിയ വ്യക്തികളുടെ പേരും അക്കൗണ്ട് നമ്പരും തന്നിരുന്നുവെങ്കിലും യഥാർത്ഥത്തിൽ പശു വാങ്ങിയ വ്യക്തികൾ തുക അനുവദിച്ചവരാണ് " എന്ന നിർവഹണോദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കാവുന്നതല്ല. ഈ വ്യക്തികൾക്ക് അനുവദിച്ച തുക 125000 രൂപ (25000*5) തടസപ്പെടുത്തുന്നു

4) ഇമ്മക്യുലേറ്റ് ലൂസി എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം പശുവിനെ നൽകിയ വ്യക്തിയുടെ പേരോ രേഖകളോ ഇല്ല. പശുവിനെ നൽകിയ വ്യക്തിയുടെ പേര്, ഒപ്പ് എന്നിവ ഗുണഭോക്താവിന്റെ തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കാഷ് ബുക്ക് പ്രകാരവും ട്രഷറി ബിൽ പ്രകാരവും മുരളി എൻ ( അക്കൗണ്ട് നം. 0835101009504) എന്നയാൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ ഗുണഭോക്താവിന്റെ അർഹതതെളിയിക്കുന്ന രേഖകളോടൊപ്പം 25000 രൂപ കൈപ്പറ്റിയതായി ഇമ്മക്യുലേറ്റ് ലൂസി കൈപ്പറ്റ് രസീതി നൽകിയിരിക്കുന്നു. എൻക്വയറിക്കുള്ള മറുപടിയിൽ മുരളി .എൻ എന്ന വ്യക്തിയാണ് പശുവിനെ നൽകിയതെന്നും ഗുണഭോക്താവ് കൈപ്പറ്റ് രസീതി വച്ചത് തെറ്റായി സംഭവിച്ചതാണെന്നും മറുപടി ലഭ്യമാക്കി. ശ്രീ.മുരളിയിൽ നിന്ന് പശുവിനെ വാങ്ങിയെന്ന് തെളിയിക്കുന്ന രേഖകളുടെ അഭാവത്തിൽ 25000 രൂപ തടസത്തിൽ വെയ്ക്കുന്നു

5) പതിനൊന്നാം പദ്ധതി സബ്സിഡി മാർഗരേഖപ്രകാരം (നം. ജി.ഒ (എം.എസ്) 80/2017-തസ്വഭവ,3.4.2017) ഗുണഭോക്താക്കൾ ഉൾപ്പെടുന്ന 5 അംഗങ്ങളുള്ള പർച്ചേസ് കമ്മറ്റിയാണ് പശുക്കളെ വാങ്ങേണ്ടതെന്നും പഞ്ചായത്തിന്റെ പ്രൊക്യുർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെ ഈ സമിതിക്ക് പർച്ചേസ് നടത്താമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 10.1.2018 തീയതിയിൽ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ അദ്ധ്യക്ഷനും നിരവഹണ ഉദ്യോഗസ്ഥൻ കൺവീനറും നാല് വാർഡ് മെമ്പർമാർ അംഗങ്ങളുമായ പർച്ചേസ് കമ്മറ്റിയുടെ യോഗത്തിൽ ഗുണഭോക്താക്കൾ നേരിട്ട് പശുക്കളെ വാങ്ങി, വെറ്ററിനറി സർജൻ പരിശോധിച്ച് ഇൻഷ്വർ ചെയ്താൽ സബ്സിഡി തുക പശുവിനെ വിറ്റയാളുടെ അക്കൗണ്ടിലേക്ക് അനുവദിക്കുന്നതാണെന്ന തീരുമാനം എടുത്തിരിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ പ്രൊക്യുർമെന്റ് കമ്മറ്റിയിൽ ഈ വിഷയം ചർച്ച ചെയ്യുകയോ അംഗീകാരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

6) പദ്ധതി മാർഗരേഖ ജി.ഒ (എം.എസ്) 72/17-തസ്വഭവ,29.3.2017 ലെ ഖണ്ഡിക

നം. 14.6 പ്രകാരം പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പ് (മൃഗസംരക്ഷണവും ക്ഷീരവികസനവും) മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണെന്നും, മോണിറ്ററിംഗ് കമ്മിറ്റികളുടെ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയിൽ ഗുണഭോക്താക്കൾ യഥാർത്ഥത്തിൽ പുതിയപശുക്കളെ വാങ്ങിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുകയോ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല.

ക്രമനം.1 ലെ നഷ്ടം 25000 രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ക്രമ നം.3, 4 എന്നിവയിലെ അപാകതകളുടെ അടിസ്ഥാനത്തിൽ രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി 150000 രൂപ തടസപ്പെടുത്തുന്നു.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മറ്റി/വർക്കിംഗ് ഗ്രൂപ്പ് ഈ പദ്ധതിയുടെ ശരിയായ രീതിയിലുള്ള മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-7 ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ഇൻസെന്റീവ് നൽകൽ–രേഖകൾ പൂർണമല്ല

പ്രൊജക്ട് നം- എസ്.ഒ.111/18–ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ഇൻസെന്റീവ്

അടങ്കൽ -2859002

ചെലവ് വിവരം–28,59,002.00

വികസന ഫണ്ട് (ജനറൽ) - 2048631/- (ബിൽ നം. 1/22.3.18)

ബ്ലോക്ക് പഞ്ചായത്ത്-310371

ജില്ലാപഞ്ചായത്ത് വിഹിതം- 500000

നിർവഹണ ഉദ്യോഗസ്ഥ – ഡയറി ഫാം ഇൻസ്ട്രക്ടർ

ക്ഷീരസംഘങ്ങളിൽ പാൽനൽകുന്ന കർഷകർക്ക് പ്രോൽസാഹനമായി ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ നിരക്കിലും സമയബന്ധിതമായും തുക ലഭ്യമായിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

1291 കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക അനുവദിക്കുന്ന ബില്ലും ബാങ്ക് അക്കൗണ്ട് ഉൾപ്പെടുന്ന സ്റ്റേറ്റ്മെന്റും ഫയലിൽ ഉണ്ട്. ക്ഷീരസംഘങ്ങളിൽ ഏതെല്ലാം മാസങ്ങളിൽ പാൽ നല്കിയിട്ടുണ്ടെന്നോ എത്ര അളവിൽ നൽകിയെന്നോ വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. ക്ഷീരസംഘങ്ങളിൽ പാലൊഴിച്ചതിന്റെ അളവ് രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് ക്ഷീരസംഘത്തിൽ നിന്നും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. കൂടാതെ സാംഖ്യ ബിൽ വഴി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കു നൽകിയ തുകകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റായോ എന്നതിനും രേഖകളില്ല. ബ്ലോക്ക് പഞ്ചായത്തിൽനിന്നും ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന തുകകൾ ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ വരവ് വെച്ചാണ് ഗുണഭോക്താക്കൾക്ക് നൽകേണ്ടത്. എന്നാൽ ഈ തുകകൾ പൂർണമായും നൽകിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി ട്രഷറി പാസ്ബുക്ക് പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. ഏതെങ്കിലും ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റാവാതിരിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻകഴിയുന്നില്ല. തുക അക്കൗണ്ടിൽ ക്രെഡിറ്റാവാത്ത ഗുണഭോക്താക്കളുടെ വിശദവിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം.17/30.10.2018ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മുഴുവൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റായി എന്ന് ഉറപ്പു വരുത്തി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ക്ഷീരകർഷകർക്ക് അർഹമായ തുകയാണോ നൽകിയത് എന്ന് വിലയിരുത്താനുള്ള രേഖകൾ, ട്രഷറി പാസ്ബുക്ക്, ഗുണഭോക്താക്കൾ ക്ഷീരസംഘത്തിൽ പാലൊഴിച്ചത് സാധൂകരിക്കുന്ന രേഖകൾ എന്നിവയുടെ അഭാവത്തിൽ ചെലവ് തുക 28,59,002.00 രൂപ തടസ്സപ്പെടുത്തുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ ആകെ നടപ്പിലാക്കിയ ഒരു പദ്ധതിയുടെ ചെലവ് രേഖകൾ പൂർണ്ണമായും ലഭ്യമാക്കാത്തത് ഭരണസമിതി വിലയിരുത്തേണ്ടതാണ്.

## 3-8 " ലൈഫ് മിഷൻ -പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം”- പദ്ധതി പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്റ്റ് നം. 183/18

അടങ്കൽ-1480000 (തനത്ഫണ്ട്)

ചെലവ്- 1020000

നിർവഹണോദ്യോഗസ്ഥൻ- വി.ഇ.ഒ

മുൻവർഷങ്ങളിൽ ഭവനനിർമാണത്തിന് ഭാഗികമായി ധനസഹായം കൈപ്പറ്റി വീട് നിർമാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ ഭവനപൂർത്തികരണത്തിനായാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. കൈപ്പറ്റിയ ധനസഹായത്തിന് ആനുപാതികമായ തുക വകയിരുത്തി നൽകുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. പദ്ധതിപ്രകാരം 2017-18 വർഷത്തിൽ 13 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഭവനപൂർത്തീകരണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടും താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | വകയിരുത്തിയ തുക | നൽകിയ തുക | ബാക്കി |
|---|---|---|---|---|
| 1 | ശെൽവിദണ്ഡപാണി, മാരിയമ്മൻകോവിൽ സ്ട്രീറ്റ്, കോഴിപ്പാറ | 120000 | 100000 | 20000 |
| 2 | സത്യഭാമസുന്ദരം, എലിപ്പാറ,കോഴിപ്പാറ | 120000 | 100000 | 20000 |
| 3 | ഡെയ്സിപമീല, സായതുരൈ, മണിയാറൻചള്ള | 40000 | 20000 | 20000 |

മോണിട്ടറിംഗ് കമ്മറ്റി/ സ്റ്റാൻഡിംഗ് കമ്മറ്റി മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ നിലവിലെ സ്ഥിതി പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്. ഭവനനിർമാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണം

നിർവഹണോദ്യോഗസ്ഥൻ- വി.ഇ.ഒ

പ്രൊജക്റ്റ് നം. 1) പി.എം.എ.വൈ ഭവന നിർമ്മാണപദ്ധതിക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതം ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിലേക്ക് നൽകുന്നതിന് പ്രൊജക്റ്റ് നം.123/18 പ്രകാരം ബിൽ നമ്പർ.4/25.8.17 പ്രകാരം 1160000 രൂപ പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 762832919 നമ്പറിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ലിസ്റ്റ്, തുക നൽകിയതിന്റെ അനുപാതം എന്നിവ വ്യക്തമാക്കുന്ന രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിലേക്ക് നൽകിയ മേൽപ്പറഞ്ഞ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

# 3-10 ടാർ വാങ്ങൽ -അപാകതകൾ

2017-18 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ 17 റോഡ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുവേണ്ടി, ടാർ വാങ്ങുന്നതിനായി ₹.1509524/- പ്ലാൻ ഫണ്ടിൽ നിന്ന് പിൻവലിക്കുകയും സെക്രട്ടറി മുഖാന്തിരം ഭാരത് പെട്രോളിയത്തിന് ₹.932341/- ഉം Hindustan Colas Pvt. Ltd.ന് ₹.569560/- ഉം നൽകിയിട്ടുണ്ട്. ഭാരത് പെട്രോളിയത്തിൽ നിന്ന് 927110/- രൂപയുള്ള ടാർ ആണ് ലഭ്യമായിട്ടുള്ളത്. ₹.5231/- ഭാരത് പെട്രോളിയത്തിൽ നിന്നും തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നുണ്ട്. കൂടാതെ ₹.1509524/- പിൻവലിച്ചതിൽ രണ്ടു സ്ഥാപനങ്ങൾക്കും കൂടി ₹.1501901/- ആണ് കൈമാറിയിട്ടുള്ളത്. ₹.7623/- ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ (കനറാബാങ്ക്, വേലന്താവളം -₹.6182/-, ട്രഷറി ടി.എസ്.ബി. - ₹.1441/-) അവശേഷിക്കുന്നുണ്ട്. പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ബാലൻസ് തുക ₹.12854/-(5231 +7623) സർക്കാരിലേക്ക് തിരിച്ചടക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/26.10.2018ന് 2017-18 വർഷം നടപ്പിലാക്കിയ പ്രവൃത്തികളിൽ ഇനിയും 4 പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട് എന്നും ഈ പ്രവൃത്തികൾക്കു വേണ്ടി വാങ്ങിയ ബിറ്റുമിൻ ഉപയോഗിച്ചിട്ടില്ല എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രവർത്തികൾ പൂർത്തീകരിക്കുന്നതോടൊപ്പം പരാമർശത്തിൽ പറഞ്ഞ തുക തിരിച്ചടക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

2. ലഭ്യമായ ടാർ Rs1 -17, SS1-40, VG30 -151 ബാരലുകൾ ആണ്. ഇതിൽ താഴെ പറയുന്ന വ്യക്തികൾക്ക് വിതരണം ചെയ്ത രേഖകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ.

ശ്രീ.ബാബു -SS1-3 ബാരൽ, RS1-1 ബാരൽ, VG30-10 ബാരൽ

ശ്രീ.പരമേശ്വരൻ - SS1-573.75Kg, RS1-185.62Kg, VG30-1424.25Kg.

ശ്രീ.മോഹൻരാജ് -RS1-386.10Kg, VG30-3516.34Kg.

ശ്രീ.ഷൺമുഖാനന്ദൻ - SS1-752.25Kg, RS1-243.38Kg, VG30-1901.75Kg.

വിതരണരേഖകൾ ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ബിറ്റുമിൻ വിതരണം ചെയ്ത എല്ലാ കരാറുകാരിൽ നിന്നും രസീത് വാങ്ങിയിട്ടുണ്ട് എന്നും ഫയൽ ചെയ്യാൻ വിട്ടുപോയതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റോഡ് പ്രവൃത്തികൾ നടന്നിട്ടുള്ളത് 2018-19 സാമ്പത്തിക വർഷത്തിലായതിനാൽ പ്രവൃത്തികളുടെ ഫയലിനോടൊപ്പം യഥാർത്ഥ വിതരണരേഖകൾ കൂടി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. ടാർ ഇറക്കിയ വകയിൽ ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ ടി.പി.ജേക്കബ് ട്രാൻസ്പോർട്ട് ഏജന്റ്, കൊച്ചി -₹.27080/-, പുതിയിടത്ത് ട്രാൻസ്പോർട്ട്, ഇരുമ്പനം, കൊച്ചി -₹.1200/-, Unloading Charge -₹.12960/- എന്നീ പ്രകാരം ആകെ ₹.41240/- നൽകിയിട്ടുണ്ട്. ടി തുകകൾ വർക്ക് ബില്ലുകളിൽ നിന്ന് കുറവ് ചെയ്ത് പഞ്ചായത്തിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-11 മരാമത്ത് പ്രവൃത്തികളുടെ കരാറുകാരൻ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീകരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി,നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 145/18 – നല്ലവീട്ടുചള്ള റോഡ് മെറ്റലിംഗ് &ടാറിംഗ്<br>അടങ്കൽ - 250000/-<br>പി.എ.സി. – ₹. 245222/-<br>കരാറുകാരൻ - ശ്രീ.ശിവൻ<br>എം.ബുക്ക് നം. -161/17-18, 171/17-18,<br>ബിൽ നം. 49/21.3.18 | 22.11.17 | 13.12.17 | 23.1.18<br>നം. 31/AE/LSGD /VKPY/17-18 | 2452 |
| ആകെ | | | | | 2452 |

ഈടാക്കുവാൻ വിട്ടുപോയ പിഴ ₹. 2452/- കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

## 3-12 എഗ്രിമെന്റ് വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ കരാറുകാരുമായി ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥ നം. 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ

പ്രവർത്തി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ അഞ്ചിലൊന്നു സമയം (20%) കൂടി പിഴ കൂടാതെ പ്രവൃത്തി തുടരുവാൻ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന 3 മാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തികൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്തികൊണ്ടും മാത്രമേ കാലാവധി നീട്ടി നൽകാവൂ എന്ന് വ്യവസ്ഥയുണ്ട്.

ന്യായീകരണയോഗ്യമായ കാരണങ്ങളില്ലാതെ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി പിഴ ഈടാക്കാതെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

1.കോഴിപ്പാറ പഴയ പോസ്റ്റ്ഓഫീസ് റോഡ്സൈഡ് ഡ്രൈൻ

| | |
|---|---|
| പ്രൊ.നം. 34/17-18 (24/16) | അടങ്കൽ- ₹.432000 [മെയിന്റനൻസ് ഗ്രാന്റ് (റോഡ്)]<br>കരാർ തുക - 316656/- |
| എഗ്രിമെന്റ് നം. - 9/AE/LSGD/VKPY/16-17/19.1.17 | |
| ചെലവ് - 280378/- രൂപ | ബിൽ നം. 10/16.8.17 |
| കരാറുകാരൻ - ശ്രീ. അയ്യാസ്വാമി | അളവ് പുസ്തകം നം. 3/17-18 |

31-3-2017 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 31.5.17 നാണ്. കരാറുകാരൻ പൂർത്തീകരണ തിയതി ദീർഘിപ്പിക്കുന്നതിന് അപേക്ഷിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ, അസിസ്റ്റന്റ് എഞ്ചിനീയർ സമയം ദീർഘിപ്പിച്ച് അനുമതി നൽകുകയോ ചെയ്തിട്ടില്ല. പൂർത്തീകരണ കാലാവധിയുടെ 20% വരെ പിഴകൂടാതെ അനുവദിക്കാവുന്നതാണെങ്കിലും ആയതിനു ശേഷം വരുന്ന കാലയളവിലേക്ക് എഗ്രിമെന്റ് പ്രകാരമുള്ള പിഴ ഈടാക്കാതെ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി ആരംഭിച്ച തിയതി | 19.1.17 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന | 31.3.17 |

| | |
|---|---|
| തിയതി | |
| യഥാർത്ഥത്തിൽ പൂർത്തീകരിച്ച തിയതി | 31.5.17 |
| ഗ്രേസ് പിരീഡ് | 19.1.17 മുതൽ 31.3.17വരെയുള്ള കാലാവധിയുടെ 20%.<br>71* 20/100 = 14 ദിവസം |
| ഈടാക്കേണ്ടിയിരുന്ന പിഴ | 1. 15.4.2017 മുതൽ 31.5.17 വരെ(1%) - 316656*42/90*1/100 - ₹.1478 |
| ഈടാക്കിയത് | 0 |
| ഈടാക്കുവാൻ ബാക്കിയുള്ള പിഴ | ₹.1478/- |

2.രാമാണ്ടിചള്ള അംഗൻവാടി മെയിന്റനൻസ്

| | |
|---|---|
| പ്രൊ.നം. 16/17 | അടങ്കൽ- ₹.₹.180000[മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)]<br>കരാർ തുക – ₹.176056/- |
| എഗ്രിമെന്റ് നം. - 28/AE/LSGD/VKPY/16-17/14.2.17 | |
| ചെലവ് - 162196/- രൂപ | ബിൽ നം. 23/11.1.18 |
| കരാറുകാരൻ - ശ്രീ. ചെന്താമര | അളവ് പുസ്തകം നം. 9/17-18 |

31-3-2017 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 19.9.17 നാണ്. കരാറുകാരൻ പൂർത്തീകരണ തിയതി ദീർഘിപ്പിക്കുന്നതിന് അപേക്ഷിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ, അസിസ്റ്റന്റ് എഞ്ചിനീയർ സമയം ദീർഘിപ്പിച്ച് അനുമതി നൽകുകയോ ചെയ്തിട്ടില്ല. പൂർത്തീകരണ കാലാവധിയുടെ 20% വരെ പിഴകൂടാതെ അനുവദിക്കാവുന്നതാണെങ്കിലും ആയതിനു ശേഷം വരുന്ന കാലയളവിലേക്ക് എഗ്രിമെന്റ് പ്രകാരമുള്ള പിഴ ഈടാക്കാതെ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി ആരംഭിച്ച തിയതി | 14.2.17 |

| | |
|---|---|
| പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | 31.3.17 |
| യഥാർത്ഥത്തിൽ പൂർത്തീകരിച്ച തിയതി | 19.9.17 |
| ഗ്രേസ് പിരീഡ് | 14.2.17 മുതൽ 31.3.17വരെയുള്ള കാലാവധിയുടെ 20%.<br><br>45* 20/100 = 9 ദിവസം |
| ഈടാക്കേണ്ടിയിരുന്ന പിഴ | 1. 10.4.2017 മുതൽ 9-7-2017 വരെ(1%) - ₹.1760<br><br>2. 10.7.17 മുതൽ 19.9.2017 വരെ (2%)- 176056*71/90*2/100 - - ₹.2778/-<br><br>ആകെ - ₹.4538/- |
| ഈടാക്കിയത് | 0 |
| ഈടാക്കുവാൻ ബാക്കിയുള്ള പിഴ | ₹.4538/- |

മേൽസൂചിപ്പിച്ച പ്രവൃത്തികളുടെ കരാറുകാരിൽനിന്നും ഈടാക്കുവാൻ വിട്ടുപോയ പിഴ ₹.6016/- ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. തുക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-13 അംഗൻവാടികൾ -പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1. പ്രൊജക്ട് നം. 39/17 – ചിന്നകൗണ്ടനൂർ പുതിയ അംഗൻവാടി നിർമ്മാണം

അടങ്കൽ -₹.1200000.00 (ലോകബാങ്ക് സഹായം)

ചെലവ് - ₹.1022217/- ((ബിൽ നം. 12/18.8.17 -₹.264844/-, 27/28.12.17 -₹.197862/-, 20/31.10.17 - ₹.559511/-)

2. പ്രൊജക്ട് നം. 38/17 -മണിയക്കാരൻചള്ള പുതിയ അംഗൻവാടി നിർമ്മാണം

അടങ്കൽ -₹.1100000.00 (ലോകബാങ്ക് സഹായം)

ചെലവ് - ₹.808125/- (ബിൽ നം. 11/18.8.17 - ₹. 232109/-, 19/31.10.17 - ₹.492038/-, 28/30.12.17 - ₹. 83978/-)

രണ്ടു അംഗൻവാടി കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ പ്രവൃത്തികൾ ചെയ്തിട്ടില്ല. 13-ാം പദ്ധതി മാർഗ്ഗ രേഖ ജി.ഒ.(എം.എസ്)72/2017 ത.സ്വ.ഭ.വ. തിയതി, 29.3.17 ഖണ്ഡിക 6.6 പ്രകാരം കെട്ടിട നിർമ്മാണ പ്രൊജക്റ്റുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം, അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒരു പ്രൊജക്റ്റ് തയ്യാറാക്കണം എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ മേൽ രണ്ടു പ്രൊജക്റ്റുകളിലും ഈ നിബന്ധന പാലിച്ചിട്ടില്ല. രണ്ടു അംഗൻവാടികളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് പ്രവൃത്തികൾ കൂടി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്

ജലസംരക്ഷണം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെട്ട വിഷയമാണ്. കൂടാതെ പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)72/2017ത.സ്വ.ഭ.വ. തിയതി, 29.3.2017പ്രകാരം വികസന മേഖലകൾക്കുള്ള നിർദ്ദേശങ്ങളിലും ജല വിതരണത്തേക്കാൾ ജലസംരക്ഷണ പ്രൊജക്റ്റുകൾക്ക് ഊന്നൽ നൽകേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. രൂക്ഷമായ ജലക്ഷാമം നേരിടുന്ന വടകരപ്പതി ഗ്രാമപഞ്ചായത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ എത്രത്തോളം ഫലപ്രദമായി നടപ്പിലാക്കുന്നു എന്ന് പരിശോധിച്ചതിന്റെ നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 85% ജനങ്ങളും കാർഷിക വൃത്തിയിൽ ഏർപ്പെട്ടു കഴിയുന്നവരാണ്. പഞ്ചായത്ത് പ്രദേശം വരൾച്ച ബാധിത പ്രദേശമായതു കൊണ്ടും ജലസേചന സൗകര്യം ദുർലഭമായതുകൊണ്ടും നെൽകൃഷി ചെയ്യുന്ന വിസ്തൃതിയുടെ അളവ് നിലവിൽ കുറവാണ്.

2017-18 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ 11 പദ്ധതികൾ പുതിയ ബോർവെല്ലുകൾ സ്ഥാപിക്കുന്നതിന് രൂപീകരിച്ചിട്ടുള്ളതാണ്. ജലം ലഭ്യമാകുന്ന മുറയ്ക്ക് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തി കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതാണ് എന്നതാണ് പ്രൊജക്റ്റ് നിർദ്ദേശം. ജലലഭ്യത

ഉറപ്പില്ലാത്തതിനാൽ പ്രൊജക്ടുകളിലൊന്നും അനുബന്ധ സൗകര്യങ്ങൾ ക്ക് തുക വകയിരുത്തിയിട്ടില്ല. നടപ്പിലാക്കിയ പ്രൊജക്ടുകളിൽ 7 ബോർവെല്ലുകൾ കുഴിച്ചതിൽ 6 ബോർവെല്ലുകളിൽ വെള്ളം ലഭിച്ചിട്ടുണ്ട്. ഒരു ബോർവെൽ കുഴിച്ചുവെങ്കിലും വെള്ളം ലഭിച്ചില്ല. ജലലഭ്യത കുറവായതിനാൽ 4 പദ്ധതികൾ നടപ്പിലാക്കിയില്ല. ഗ്രാമപഞ്ചായത്ത് നേരിട്ടു നടത്തുന്ന 11കുടിവെള്ള പദ്ധതികളും ഗുണഭോക്തൃ സമിതികൾ നടത്തുന്ന 26 കുടിവെള്ള പദ്ധതികളും ആണ് ഉള്ളത്. ഇതിൽ പഞ്ചായത്ത് നേരിട്ടു നടത്തുന്ന 2 (എലിപ്പാറ കുടിവെള്ളപദ്ധതി, കോഴിപ്പാറ കുടിവെള്ള പദ്ധതി) കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾ നടത്തുന്ന 2 (ചുണ്ണാമ്പുകൽതോട്, കള്ളിയംപാറ) കുടിവെള്ള പദ്ധതികൾ എന്നിവ ജലലഭ്യത കുറവ് മൂലം നിർത്തലാക്കി. കൂടാതെ ബ്ലോക്ക് പഞ്ചായത്ത് നിർവഹണം നടത്തിയ 2 ഉം ജില്ലാ പഞ്ചായത്ത് നിർവഹണം നടത്തിയ 2 ഉം കുടിവെള്ള പദ്ധതികളിൽ വേലന്താവളം ഐ.എച്ച്.ഡി.പി. കോളനി (ജില്ലാ പഞ്ചായത്ത്) കുടിവെള്ള പദ്ധതിയും നിർത്തലാക്കിയതിൽ ഉൾപ്പെടുന്നു. കൂടാതെ ടാങ്കർ ലോറിയിലും കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. കുടിവെള്ള പദ്ധതികൾക്കു വേണ്ടി നിർമ്മിക്കുന്ന കുഴൽ കിണറുകളിൽ നിന്നും വെള്ളം ലഭിക്കാത്തതിനാൽ രണ്ടും മൂന്നും കുഴൽ കിണറുകൾ കുഴിക്കേണ്ട അവസ്ഥയാണ് പഞ്ചായത്തിൽ നിലവിലുള്ളത്.

2017-18 -ൽ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ ജലസ്രോതസ്സുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ജലസ്രോതസ്സ് | എണ്ണം |
|---|---|
| പൊതു കിണർ | 20 |
| സ്വകാര്യകിണർ | 2798 |
| കുഴൽ കിണർ | 1604 |
| കുളങ്ങൾ | 136 |

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി മേൽ വിവരിച്ച ജല സ്രോതസ്സുകളുടെ നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിലും ജലക്ഷാമം രൂക്ഷമായി തുടരുന്ന അവസ്ഥയാണ് പഞ്ചായത്തിൽ നിലവിലുള്ളത്.

2017-18 വർഷം ഗ്രാമപഞ്ചായത്ത് ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നു പരിശോധിച്ചതിൽ ഇത്തരം പദ്ധതികൾ വളരെ ചെറിയ ശതമാനം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത് എന്നു കണ്ടെത്തി. വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ ജലസംരക്ഷണത്തിനുള്ള നിർദ്ദേശങ്ങളൊന്നും ഉയർന്നു വന്നിട്ടില്ല.

15.11.2017ലെ വിവരാവകാശത്തിനു (കത്ത് നം.ബി1-8765/17) നൽകിയ മറുപടിയിൽ 2005 മുതൽ 2017 വരെയുള്ള കാലയളവിൽ പദ്ധതി ഫണ്ട് ഉപയോഗിച്ച് മഴവെള്ള സംഭരണികൾ ഒന്നും നിർമ്മിച്ചിട്ടില്ല എന്ന് ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. ജല സംരക്ഷണത്തിന്റെ ഭാഗമായി ജലക്രാന്തി അഭിയാൻ, ജലഗ്രാമം പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ പ്രൊജക്ട് ക്രോഡീകരണം നടത്തി ഡോക്യുമെന്റേഷൻ, മാപ്പിംഗ്, പ്രിന്റിംഗ് എന്നിവ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടില്ല. IRTC , മുണ്ടൂരും നബാർഡും ചേർന്ന് ജലസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ജലസംവാദം നടത്താനും മഴക്കുഴികൾ എല്ലാ വീടുകളിലും നിർമ്മിക്കുന്നതിന് ബോധവൽക്കരണം നടത്താനും തീരുമാനിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ജലവിതരണത്തെക്കാൾ ജല സംരക്ഷണത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ജല വിഭവ സംരക്ഷണ പ്രൊജക്ടുകൾ ഹരിതമിഷനുമായി സംയോജിപ്പിച്ച് നടപ്പിലാക്കേണ്ടതാണ്.
- മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ കിണർ/ബോർവെൽ റീചാർജ്ജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്.
- കിണർ സർവേ നടത്തുകയും വേനൽക്കാലങ്ങളിൽ സ്ഥിരമായി വറ്റുന്ന കിണറുകൾ, ഫ്ലൂറൈഡ് തുടങ്ങിയവയുടെ ആധിക്യമുള്ള കിണറുകൾ, ടാങ്കർ

വെള്ളം നൽകുന്നതും വേനൽക്കാലങ്ങളിൽ മറ്റ് ജലസ്രോതസ്സുകളെ ആശ്രയിക്കുന്നതുമായ സ്ഥലങ്ങൾ എന്നീ ഘടകങ്ങളുടെ മുൻഗണന പരിഗണിച്ച് കിണർ/ബോർവെൽ റീചാർജിംഗ് പ്രവർത്തനങ്ങൾ നടത്തുക.

- മഴവെള്ള സംഭരണികൾ നിർമ്മിക്കുകയും മഴക്കുഴി പോലുള്ള പ്രവൃത്തികൾ നടത്തുകയും ചെയ്യുക.
- സ്വന്തമായി കിണർ റീചാർജ് ചെയ്യുവാൻ ജനങ്ങളെ പ്രോൽസാഹിപ്പിക്കുകയും ആവശ്യമായ സാങ്കേതിക സഹായം നൽകുകയും ചെയ്യുക.
- അമിത ജല ഉപയോഗം വേണ്ടി വരുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാതിരിക്കുക.
- വരൾച്ചയെ പ്രതിരോധിക്കുന്ന മരങ്ങൾ വച്ചു പിടിപ്പിക്കുക.
- ജല ക്രാന്തി അഭിയാൻ, ജലഗ്രാമം പദ്ധതികൾ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കുക

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-15 മണിയക്കാരൻചള്ളയിൽ വാട്ടർകിയോസ്ക് സ്ഥാപിക്കൽ -അധികം നൽകിയ തുക തിരിച്ചടക്കണം

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം.181/18 – മണിയക്കാരൻചള്ളയിൽ വാട്ടർകിയോസ്ക് സ്ഥാപിക്കൽ എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും, ടെണ്ടർ ഡീവിയേഷൻ കുറവാക്കാതെ അവസാന ബിൽ നൽകിയതിലൂടെ കരാറുകാരന് ₹.40099/- അധികം നൽകിയതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

അടങ്കൽ : ₹.350000/- (ധനകാര്യ കമ്മീഷൻ അവാർഡ്)

₹. 100000/- (തനതു ഫണ്ട്)

--------------------------

ആകെ -₹. 450000/-

================

ചെലവു തുക: 1. ₹.350000/- ബിൽ നം: 70/28.3.18

2. ₹. 63394/- ഡി.ഡി. നം.2231668/28.3.18,

വൗച്ചർ നം. 21701177/29.3.18)

----------------------

ആകെ - 413394/-

================

എഗ്രിമെന്റ് നം: 34/17-18/8.2.18 കരാറുകാരൻ: ശ്രീ.ബാബു.സി.

ടെണ്ടർ നിരക്ക്: 9.7% കുറവ് അളവു പുസ്തകം: 147

ആകെ പ്രവൃത്തിമൂല്യം : 413394/- (-) 40099=373295.00

നികുതികൾ (-) : 19518/-

കരാറുകാരൻ കൈപ്പറ്റിയത്: ₹.393876/-

കരാറുകാരന് അനുവദിക്കാവുന്നത്: 413394-19518(നികുതികൾ)- 40099(ടെണ്ടർ ഡീവിയേഷൻ) = ₹.353777/-

അധികം നൽകിയത്: ₹.40099/-

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 19/30.10.2018ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികം നൽകിയ ₹.40099/- ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-16 പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് | നടപ്പാക്കിയത് / ചെലവഴിച്ചത് | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|

| | | |
|---|---|---|
| 106 | 65 | 61.32% |
| 42645171 | 14638068 | 34.33% |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 61.32% പ്രൊജക്ടുകൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിക്കാനായത്. വകയിരുത്തിയ തുകയുടെ 34.33% തുകയെ ചെലവഴിക്കാനും സാധിച്ചിട്ടുള്ളൂ.

വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം - സാധാരണ വിഹിതം) | 2557220 | 103987 | 4.07% |
| വികസന ഫണ്ട് (എസ്.സി.പി) | 1902497 | 0 | 0.00% |
| വികസന ഫണ്ട് (ടി.എസ്.പി) | 629436 | 627403 | 99.68% |
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | 7578780 | 2282176 | 30.11% |
| വികസന ഫണ്ട് (ലോക ബാങ്ക് സഹായം) | 6128202 | 4916803 | 80.23% |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 365000 | 65000 | 17.81% |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 13699917 | 2992822 | 21.85% |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 7941919 | 2755908 | 34.70% |
| തനതു ഫണ്ട് | 1842200 | 893969 | 48.53% |
| ആകെ | 42645171 | 14638068 | 34.33% |

- തയ്യാറാക്കിയ 106 പ്രവർത്തികളിൽ 35 പ്രവർത്തികളും റോഡ് വികസനത്തിനായുള്ളതാണ്.ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ്കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)72/2017ത.സ്വ.ഭ.വ. തിയതി, 29.3.2017ൽ നിഷ്കർഷിക്കുന്നുണ്ട്..

കൃത്യമായ കണക്കിവിറ്റി ഇല്ലാതെ റോഡ് പ്രവർത്തി നടപ്പിലാക്കുന്നത് ഫണ്ട് വാർഡ് തലത്തിൽ വിഭജിക്കുന്നതിനും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടയാക്കുന്നു.

- തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

 പദ്ധതികളുടെ ബാഹുല്യവും കുറഞ്ഞ അടങ്കൽ തുകയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതും വഴി ഘടക സ്ഥാപനങ്ങളുടെ സംരക്ഷണത്തിനുള്ള പ്രൊജക്ടുകൾ നടപ്പിലാക്കാൻ സാധിക്കാതെ വരുന്നു.

- ആസ്തി രജിസ്റ്റർ 2010 വരെ മാത്രമെ വിവരങ്ങൾ ചേർത്തിട്ടുള്ളൂ. കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

- മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ പൊതുവായി കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. കരാറുകാരൻ EMD,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങൾക്കായി അസി.എഞ്ചിനീയർക്ക് പ്ലെഡ്ജ് ചെയ്ത് സമർപ്പിക്കുന്ന FD Receipts വർക്ക് ഫയലുകളിൽത്തന്നെ സൂക്ഷിച്ചിരിക്കുന്നു.ഇവയുടെ വിവരങ്ങൾ സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതാണ്.

2. പല മരാമത്ത് പ്രവൃത്തികളുടേയും ഫയലുകളിൽ ടെണ്ടർ ഉറപ്പിച്ചതിനുശേഷം കരാറുകാർക്ക് അയക്കുന്ന സെലക്ഷൻ നോട്ടീസ് സൂക്ഷിച്ചിട്ടില്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ള പല സെലക്ഷൻ നോട്ടീസുകളിലും നമ്പറും തിയതിയും രേഖപ്പെടുത്തുന്നില്ല.

3. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതി, തീരുമാനം നമ്പർ, ടെണ്ടർ ലഭിച്ച തിയതി, ഇ.എം.ഡി. ലഭിച്ചത്, ടെണ്ടർ അംഗീകരിച്ച കരാറുകാരൻ തുടങ്ങിയ വിവരങ്ങൾ ചേർക്കുന്നില്ല.

4.സ്പിൽ ഓവർ പ്രവൃത്തികളുടെ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-17 ടി എസ് സി പദ്ധതി-ചെലവഴിക്കാത്ത തുക തിരിച്ചടക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2012-13 വർഷത്തിൽ ടി.എസ്.സി പദ്ധതിക്കായി പ്ലാൻഫണ്ടിൽ നിന്നും പിൻവലിച്ച് ടി എസ് സി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 400 പേർക്കുള്ള 300 രൂപ വീതം ആകെ 120000 രൂപ ടി എസ്.സി അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നതായി 5.1.2018 തീയതിയിലെ ഭരണസമിതി മിനുട്സിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ തുക ടി എസ് സി പദ്ധതികൾക്കുള്ള അക്കൗണ്ടിൽ മുതനിക്ഷേപമായി ഇപ്പോവും അവശേഷിക്കുന്നു. തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-18 സർക്കാർ സ്കൂളിന് ഉച്ചഭക്ഷണ പാത്രങ്ങൾ വാങ്ങൽ- ടെണ്ടർ എടുത്ത വ്യക്തിയുടെ വിതരണശേഷി ഉറപ്പുവരുത്തിയില്ല

പ്രൊജക്ട് നം.151/18

ബിൽ നം. 1/28.3.18, തുക-100000

നിർവഹണം-ഹെഡ്മിസ്ട്രസ്

സർക്കാർ സ്കൂളിന് ഉച്ചഭക്ഷണ പാത്രങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം സ്കൂളുകൾക്കാവശ്യമായ കുക്കർ, വട്ട, ബക്കറ്റ്, ഗ്ലാസ്, പ്ലെയിറ്റ് മുതലായ പാത്രങ്ങൾ വാങ്ങുവാൻ ലക്ഷ്യമിട്ടാണ് പ്രൊജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. വാങ്ങലുകൾ നടത്തുന്നതിനായി ടെണ്ടർ ക്ഷണിച്ചിട്ടുള്ളതിൽ പാത്രങ്ങളുടെ എണ്ണം, വലിപ്പം എന്നിവ മാത്രമാണ് ടെണ്ടർ പരസ്യത്തിൽ വ്യക്തമാക്കിയിട്ടുള്ളത്. തരം, വ്യക്തമായ സ്പെസിഫിക്കേഷൻ എന്നിവ വ്യക്തമാക്കിയിട്ടില്ല. ശ്രീ.വിനോദ്,കോഴിപ്പാറ,

ശ്രീ.വിനോദ്,പിഡബ്ല്യു ഡി കോൺട്രാക്ടർ, എലിപ്പാറ എന്നീ രണ്ടു വ്യക്തികളുടെ ടെണ്ടറുകളാണ് ലഭ്യമായിട്ടുള്ളത്. ലഭിച്ച രണ്ട് ടെണ്ടറുകളിൽ ശ്രീ.വിനോദ്,പിഡബ്ല്യു ഡി കോൺട്രാക്ടർ, എലിപ്പാറ, എന്നയാളുടെ കുറഞ്ഞ നിരക്കുള്ള ടെണ്ടർ ഭരണസമിതിയുടെ 7.3.18 തീയതിയിലെ 19/19 നം. തീരുമാനപ്രകാരം അംഗീകരിച്ചു. ശ്രീ.വിനോദ്, PWD കോൺട്രാക്റ്ററാണ്. അംഗീകൃത സപ്ലൈറോ, നിർമ്മിതാവോ അല്ല എന്നത് ടെണ്ടറിൽ വ്യക്തമാക്കിയിട്ടുണ്ട്. ജി.ഒ(പി)259/2010തസ്വഭവ, 8.11.2010 ഉത്തരവ് പ്രകാരം വാങ്ങൽ ടീം രൂപീകരിച്ചിട്ടില്ല. ഈ വാങ്ങൽ സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ ചർച്ച ചെയ്യുകയോ തീരുമാനം കൈക്കൊള്ളുകയോ ചെയ്തിട്ടില്ല. സാധനങ്ങൾ വാങ്ങിയ ഇൻവോയ്സ്ബില്ലുകൾ പ്രകാരം സി.കെ.എ മെറ്റൽ, മാർക്കറ്റ് റോഡ് ,പാലക്കാട് എന്ന സ്ഥാപനത്തിൽനിന്നും ടെണ്ടർ ഏറ്റെടുത്ത കരാറുകാരൻ വാങ്ങി സപ്ലൈ ചെയ്യുകയാണുണ്ടായതെന്ന് വ്യക്തമാകുന്നു. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ എണ്ണം തരം, എന്നിവ രേഖപ്പെടുത്തി വരവിലെടുത്തിട്ടുണ്ട്.

ബില്ലിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | ഇനം | ആകെ ബിൽതുക | റിമാർക്സ് |
|---|---|---|---|
| നം.090/17.3.18 | 268 kg@170 | 57028 | ഏതെല്ലാം പാത്രങ്ങളാണെന്ന് രേഖപ്പെടുത്തുന്നതിനുപകരം 268 kg എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. |
| നം.087/16.3.18 | 93 kg@170<br>165 kg@170 | 49123 | പാത്രങ്ങളുടെ സ്പെസിഫിക്കേഷൻ, ഇനം എന്നിവ രേഖപ്പെടുത്തുന്നതിനുപകരം 93 kg, 165 kg എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. |

ഈ പദ്ധതിയുടെ വാങ്ങൽനടപടികളിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

- കാഷ് ബില്ലിൽ സാധനങ്ങൾ വാങ്ങിയ വ്യക്തിയുടെ പേര് നിർവഹണ ഉദ്യോഗസ്ഥയായ ഹെഡ്മാസ്റ്ററിനുപകരം വിനോദ്.എസ് എലിപ്പാറ എന്ന വിതരണക്കാരന്റെ പേരാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

- പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ ചർച്ച ചെയ്യാതെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം സാധനങ്ങൾ വാങ്ങിയിട്ടുള്ളത് പ്രൊക്യൂർമെന്റ് മാർഗരേഖയുടെ ലംഘനമാണ്.

- ബില്ലിൽ ഏത് പാത്രങ്ങളാണെന്നോ സ്പെസിഫിക്കേഷനോ രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ ഷെഡ്യൂളിൽ രേഖപ്പെടുത്തിയ സാധനങ്ങൾതന്നെയാണോ സപ്ലൈ ചെയ്തതെന്ന് ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല.

- ടെണ്ടർ അംഗീകരിച്ച നൽകുന്നതിനുമുമ്പ് ടിയാന് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള സ്ഥാപനമോ, ഭൗതികസാഹചര്യമോ ഉണ്ടോയെന്ന് ഉറപ്പുവരുത്തിയിട്ടില്ല. വാങ്ങിയ രേഖകൾപ്രകാരം ടിയാൻ അംഗീകൃത സപ്ലയറല്ല എന്നും ഒരു ഏജന്റെന്ന നിലയിൽ പ്രവർത്തിക്കുകയായിരുന്നു എന്നും മനസിലാവുന്നു.

- സാധനങ്ങൾ വാങ്ങിയ സ്ഥാപനവുമായി നിർവഹണോദ്യോഗസ്ഥൻ എഗ്രിമെന്റ് ചമച്ചിട്ടില്ല. പകരം വിതരണക്കാരനായ കരാറുകാരനുമായി എഗ്രിമെന്റ് ചമച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്

- വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയതിനും രേഖകളില്ല.

- പദ്ധതി മോണിട്ടറിംങ് നടത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/25.10.2018) മാർച്ച് മാസത്തിലാണ് ടെണ്ടർ നടപടികൾ പൂർത്തിയായതെന്നും പ്രൊക്യൂർമെന്റ് കമ്മിറ്റി വിളിച്ച് ചേർക്കുന്നതിനുള്ള സമയകുറവ് കാരണം വാങ്ങൽ തീരുമാനങ്ങളും ടെണ്ടർ അംഗീകരിക്കലും പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം അംഗീകരിക്കുകയായിരുന്നു എന്നും ഗുണനിലവാരം സംബന്ധിച്ച സർട്ടിഫിക്കറ്റ് പിന്നീട് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പർച്ചേസ് കമ്മറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-19 ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി- മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം

2017-18 വർഷത്തിൽ ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആയുർവ്വേദ ആശുപത്രിക്ക് മരുന്ന വാങ്ങൽ പദ്ധതി (പ്രൊജക്ട് നം.173/18) നടപ്പിലാക്കിയിട്ടുണ്ട്. ഡിസ്പെൻസറിയിലേക്ക് ആവശ്യമായ മരുന്ന വാങ്ങുന്നതിനായി ഔഷധിയിലേക്ക് 400000 രൂപ മുൻകൂറായി നല്കിയിട്ടുണ്ട്. (ബിൽ നം. 1/17-18, 31.10.17, മെയിന്റനൻസ് ഗ്രാന്റ് -നോൺറോഡ്). താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം 394240 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്

| ഇൻവോയ്സ് നം. | തുക |
|---|---|
| 90052844/6.2.18 | 124480 |
| 90062215/31.3.18 | 52885 |
| 90059928/24.3.18 | 46216 |
| 90065146/28.5.18 | 42067 |
| 90068062/15.6.18 | 30486 |
| 90070843/30.6.18 | 21210 |
| 90075362/29.7.18 | 41041 |
| 90078407/30.8.18 | 10561 |
| 90081031/18.9.18 | 12080 |
| 90084152/3.10.18 | 13214 |
| ആകെ | 394240 |

ഔഷധിയുമായി 15.11.2017 തീയതിയിൽ ചമച്ച എഗ്രിമെന്റ് അനുസരിച്ച് 60 ദിവസത്തിനകം മരുന്നുകൾ ലഭ്യമാക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഒരു വർഷത്തിനുശേഷവും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല.

മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം ഉണ്ടായതുമൂലം രോഗികൾക്ക് മരുന്ന് പുറത്തുനിന്ന് വാങ്ങുന്നതിന് പ്രിസ്ക്രൈബ് ചെയ്യേണ്ട സന്ദർഭം ഉണ്ടായിട്ടുണ്ടോ എന്ന് ആരാഞ്ഞ് എൻക്വയറി നൽകിയതിന് ഡിസ്പെൻസറിയിൽ മരുന്നുകളുടെ ലഭ്യതക്കുറവ് ഉണ്ടായിട്ടില്ല എന്ന് നിർവഹണോദ്യോഗസ്ഥ മറുപടി

ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി തുകയായ 5760 രൂപയുടെ മരുന്ന് ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

# 3-20 കുടിവെള്ള പദ്ധതികൾ

## ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല

9 കുടിവെള്ള പദ്ധതികൾ ഗ്രാമ പഞ്ചായത്ത് നേരിട്ട് നടത്തുന്നുണ്ട് ആയതിലേക്കായി താഴെ പറയും പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ വരവ്-ചെലവുകൾ ഉണ്ടായിട്ടുണ്ട്.

| ചെലവുകൾ | ₹ |
|---|---|
| കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ് | 686761 |
| റിപ്പയേഴ്സ് & മെയിൻ്റനൻസ് | 908996 |
| പമ്പ് ഓപ്പറേറ്റർമാർക്കുള്ള വേതനം (9*200*365) | 657000 |
| ആകെ | 2252757 |
| വരവുകൾ | ₹ |
| വെള്ളക്കരം (തൻവർഷം) | 200160 |
| വെള്ളക്കരം (കുടിശ്ശിക) | 104520 |
| ആകെ | 304680 |

ഗ്രാമ പഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതികളിൽ ആകെയുള്ള 1353 ഗാർഹിക-ഗാർഹികേതര കുടിവെള്ള കണക്ഷനുകളിൽ നിന്നും തൻവർഷ വരവായും, കുടിശ്ശികയായും ലഭിച്ച വെള്ളക്കരം ₹ 3,04,680/- മാത്രമാണെന്നിരിക്കെ വൈദ്യുത ചാർജ്ജ്, പമ്പ് ഓപ്പറേറ്റർമാരുടെ വേതനം, മെയിൻ്റനൻസ് എന്നിവയ്ക്ക് ₹ 2252757/- ചെലവു വരുന്നുണ്ട്. 2017-18 ൽ ഗാർഹിക-ഗാർഹികേതര കുടിവെള്ള കണക്ഷനുകളിൽ നിന്നും പരമാവധി പിരിച്ചെടുക്കുവാനുള്ള തുക 6,47,000.00 രൂപയാണെന്നിരിക്കെ ചെലവ് 2252757.00 രൂപയാണ്. ആകയാൽ ഈ സാമ്പത്തിക വർഷം 16,05,757.00 രൂപ ഈയിനത്തിൽ ബാധ്യതയായിട്ടുണ്ട്. വാർഷിക ധനകാര്യ പത്രിക പ്രകാരം ഗ്രാമ പഞ്ചായത്തിന് 31.03.2018ന് കുടിശ്ശികയായി ലഭിക്കാനുള്ള തുക ₹ 27,60,896/- ആണ്. തനത് ഫണ്ട് കുറവുള്ള ഗ്രാമ പഞ്ചായത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്. കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃ കമ്മിറ്റികൾക്ക് കൈമാറുവാനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് (സാധാ.) 1275/2009/ത.സ്വ.ഭ.വ തീയ്യതി 30.05. 2009പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ

ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏൽപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഗ്രാമ പഞ്ചായത്ത് നേരിട്ടുനടത്തുന്ന കുടിവെള്ള പദ്ധതികളുടെ ആസ്തി-ബാധ്യതകൾ നിർണ്ണയിച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വെള്ളക്കരം ഇനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 2016-17, 2017-18, 2018-19 വർഷങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വർക്കുകൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത പ്രവർത്തികൾ പൂർത്തീകരിച്ച് വരുന്നു എന്നും, ടി പ്രവർത്തികൾ പൂർത്തീകരിച്ചാൽ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ കുടിവെള്ള പദ്ധതികളും പരസ്പരം ബന്ധിപ്പിക്കുകയും, കേരള വാട്ടർ അതോറിറ്റിയുടെ കുന്നംക്കാട്ടുപതി, മലമ്പുഴ കുടിവെള്ള പദ്ധതികളിൽ നിന്നും വടകരപ്പതി ഗ്രാമ പഞ്ചായത്തിലുള്ള മുഴുവൻ കുടിവെള്ള പദ്ധതികളിലേക്കും കുടവെള്ളം ലഭ്യമാകുമെന്നും അറിയിച്ചിട്ടുണ്ട്. ഇപ്രകാരം പദ്ധതികൾ പൂർണ്ണ തോതിൽ പ്രവർത്തന ക്ഷമമാകുന്ന മുറയ്ക്ക് പഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതികൾ നിർത്തലാക്കാൻ സാധിക്കുമെന്നും അറിയിച്ചിട്ടുണ്ട്.)

## 3-21 ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള പൊതു കുടിവെള്ള ടാപ്പുകളുടെ എണ്ണം- കൃത്യത ഉറപ്പു വരുത്തുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 427 പൊതു ടാപ്പുകൾ നിലവിലുണ്ട്. പ്രതിമാസം ₹ 186813/- വെള്ളക്കരമായി ഗ്രാമ പഞ്ചായത്ത് ഒടുക്കുന്നുണ്ട് (വാർഷിക ധനകാര്യ പത്രിക പ്രകാരം 2017-18 വർഷത്തിൽ തനത് ഫണ്ടിൽ നിന്നും ₹ 2241756/- വെള്ളക്കരമായി ഒടുക്കിയിട്ടുണ്ട്). കൂടാതെ Bulk purchase of water for distribution എന്ന ഇനത്തിൽ ₹ 258090/- കേരള ജല അതോറിറ്റിക്ക് 2017-18 ൽ ഒടുക്കിയിട്ടുണ്ട്. ഓരോ പ്രദേശത്തും ഉള്ള ടാപ്പുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ഗ്രാമ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. നിലവിലില്ലാത്ത ടാപ്പുകളുടേയും, വെള്ളം ലഭിക്കാത്ത ടാപ്പുകളുടേയും കണക്ക് ഇല്ലാത്തതിനാൽ വെള്ളക്കരം ഒടുക്ക് കൃത്യമാണോ എന്ന് പരിശോധിക്കുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നാളിതുവരെ

നടത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കണക്ക് കൃത്യമാക്കേണ്ടതും നിലവിലില്ലാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നത് ഒഴിവാക്കേണ്ടതുമാണ്.

2. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് വീടുകളിലേക്ക് കുടിവെള്ള കണക്ഷൻ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്. ഇക്കാര്യത്തിനായി ജി.ഒ (എം.എസ്)നം.72/2017/തസ്വഭവ തിയതി 29-3-2017, ജി.ഒ (എം.എസ്)നം.80/2017/തസ്വഭവ തിയതി 03.04.2017 എന്നിവയിലെ നിബന്ധനകൾ അനുസരിച്ച് പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്.

3. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

അടിയന്തിരമായി ഈ വിഷയത്തിൽ ഇടപെടുന്നതാണെന്ന് 31-10-2018 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ അധികാരികൾ അറിയിച്ചിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.16/30-10-2018) ക്ക് മറുപടിയായി കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.)

## 3-22 സാമൂഹ്യ സുരക്ഷാ പെൻഷൻ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം

സാമൂഹ്യ സുരക്ഷ പെൻഷനുമായി ബന്ധപ്പെട്ട് സൂക്ഷിക്കുന്ന രജിസററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. പെൻഷൻ അപേക്ഷകളിന്മേൽ പരിശോധന നടത്തുന്നതിന് അന്വേഷണ ഉദ്യോഗസ്ഥന് നൽകിയ തിയതി, നിരസിച്ച അപേക്ഷകൾ, പെൻഷൻ അംഗീകരിച്ച തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല. താഴെ പറയുന്ന തിയതി വരെ മാത്രമാണ് രജിസ്റ്ററുകളിൽ അപേക്ഷകരുടെ പേരുകൾ ചേർത്തിരിക്കുന്നത്.

| സാമൂഹ്യ സുരക്ഷ പെൻഷൻ | അവസാനമായി അപേക്ഷകരുടെ പേരും വിലാസവും രജിസ്റ്ററിൽ രേഖപ്പെടുത്തിയ തിയതി |
|---|---|
| വിധവാ പെൻഷൻ | 13-11-17 |
| വികലാംഗ പെൻഷൻ | 27-10-17 |
| വാർധക്യകാല പെൻഷൻ | 11-12-17 |
| കർഷകത്തൊഴിലാളി പെൻഷൻ | 30-03-17 |
| അവിവാഹിത പെൻഷൻ | 25-07-17 |

രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.25/31-10-2018).

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | പെയിൻ & പാലിയേറ്റീവ് കെയർ | 258481 | 41519 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 212500 | നെൽകൃഷി കൂലി ചെലവ് | 212500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 310371 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 310371 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 500000 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 500000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA, പാലക്കാട് | 118/18,വിവിധ സ്ഥലങ്ങളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ നീട്ടൽ | 2827363 | 0 | 2827363 |
| KWA, പാലക്കാട് | 176/18, വിവിധ എസ്.ടി കോളനികളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 800000 | 0 | 800000 |
| KWA, പാലക്കാട് | 180/18, വിവിധ എസ്.സി കോളനികളിൽ വാട്ടർ അതോറിറ്റിയുടെപൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 1000000 | 0 | 1000000 |
| KSEB | 115/18, വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 1194750 | 0 | 1194750 |
| KSEB | 1/18,വിവിധ എസ്.സി.കോളനികളിൽ സ്ട്രീറ്റ്ലൈറ്റ് ലൈൻ നീട്ടൽ | 195300 | 195300 | 0 |
| ആകെ | | 6017413 | 195300 | 5822113 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎം‌എസ് ലോൺ തിരിച്ചടവ് | സ.ഉ. (എം.എസ്) നം. 2017/ 2009 | 18769500 | 3008300 | 1876050 | - | 1132250 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 170326/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2-2 | 180 | നാരായണസ്വാമി, പമ്പ് ഓപ്പറേറ്റർ | 117020103974 /22.12.2017 |
| 2016-17 | 2-2(സി) | 1250 | എസ്.ബി.ഐ., ഒഴലപ്പതി | 117020400001 /9.8.2017 |
| 2016-17 | 2-4 (1) | 9830 | ഭാരതി ഇൻഫ്രാ ലിമിറ്റഡ്(5/55) | 117020500086 /23.3.2018 |
| 2016-17 | 2-4(2) | 12075 | ഭാരതി ഇൻഫ്രാ ലിമിറ്റഡ്(17/104) | 117020500088 /29.3.2018 |
| 2016-17 | 2-4(3) | 19320 | ഭാരതി ഇൻഫ്രാ ലിമിറ്റഡ്(14/505) | 117020500090 /29.3.2018 |

| | | | | |
|---|---|---|---|---|
| 2016-17 | 2-4(4) | 13830 | ഭാരതി ഇൻഫ്രാ ലിമിറ്റഡ്(06/452) | 117020500085 /23.3.2018 |
| 2016-17 | 2-4(5) | 12918 | ഭാരതി ഇൻഫ്രാ ലിമിറ്റഡ്(03/261) | 117020500089 /29.3.2018 |
| 2016-17 | 2-4(6) | 9200 | ഭാരതി ഇൻഫ്രാ ലിമിറ്റഡ്(10/271) | 117020500084 /23.3.2018 |
| 2016-17 | 2-4(7) | 87253 | വോഡഫോൺ, ഒഴലപ്പതി | 117020400002 /2.11.2017 |
| 2013-14, 2014-15 | 2-2 | 360 | എം.ഗുരുസ്വാമി | 117020101629 /16.9.2017 |
| 2013-14,2014-15 | 2-2 | 360 | എം.ഗുരുസ്വാമി | 117020101629 /16.9.2017 |
| 2013-14,2014-15 | 2-2 | 750 | തങ്കപ്രകാശം | 117020101503 /29.8.2017 |
| 2013-14,2014-15 | 2-2 | 600 | ആരോഗ്യസ്വാമി | 117020101507 /29.8.2017 |
| 2013-14,2014-15 | 2-2 | 600 | ലോറൻസ് മാണിക്കരാജ് | 117020101508 /29.8.2017 |
| 2013-14,2014-15 | 2-2 | 360 | ബാലസുബ്രഹ്മണ്യൻ | 117020105450 /8.3.2018 |
| 2013-14,2014-15 | 2-2 | 360 | ലോറൻസ് മാണിക്കരാജ് | 117020105474 /9.3.2018 |
| 2013-14,2014-15 | 2-2 | 360 | എം.ഗുരുസ്വാമി | 117020105474 /9.3.2018 |
| 2013-14,2014-15 | 2-2 | 720 | തങ്കപ്രകാശം | 11705648 /21.3.2018 |
| ആകെ | | 170326 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|

| | | | |
|---|---|---|---|
| റിപ്പോർട്ട് വർഷം | | | അവസ്ഥ |
| 2009-10 | 3.7.4(1) | റഗുലേറ്റഡ് മാർക്കറ്റ് -പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചില്ല | സമിതിയുടെ പരിഗണനയിൽ |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹. 113274198.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹. 126694732.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹.73567.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹.3009002.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-6(1) | | 25000 | നവീൻ, വെറ്ററിനറി സർജൻ |

| | | | |
|---|---|---|---|
| 3-11 | | 2452 | ദീപ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12(1) | | 1478 | റഫീക്ക്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12(2) | | 4538 | ദീപ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15 | | 40099 | ദീപ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 73567 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6(3) | 125000 | നവീൻ, വെറ്ററിനറി സർജൻ |
| 3-6(4) | 25000 | നവീൻ, വെറ്ററിനറി സർജൻ |
| 3-7 | 2859002 | സജീഷ്കുമാർ.ടി. ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 3009002 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും | ഇപ്പോഴത്തെ (ഓഡിറ്റ് | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഉദ്യോഗപ്പേരും | നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| നവീൻ, വെറ്ററിനറി സർജൻ | എ.ആർ.ഒ., ജോയിന്റ് ഡയറക്ടർ ഓഫീസ്, Rinder Pest Scheme, പാലക്കാട് | 214, മാഞ്ചസ്റ്റർ, പെർക്ക്സ്-II, പെർക്ക്സ് ആർച്ച് റോഡ്, ഉപ്പിലിപ്പാളയം(പി.ഒ), കോയമ്പത്തൂർ, തമിഴ്നാട് |
| ദീപ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അയിലൂർ ഗ്രാമപഞ്ചായത്ത് | കോട്ടൂർ വീട്. വെട്ടിക്കവല (പി.ഒ), കൊട്ടാരക്കര (via), കൊല്ലം -691508 |
| റഫീക്ക്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് | തുറക്കൽ ഹൗസ്, കുമ്പിടി, പാലക്കാട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.പി8/676/98/ 19.3.1999 | 10 | ഓഡിറ്റ് റിപ്പോർട്ട് |
| 1997-98 | എൽ.എഫ്.പി8/921 /98/21.11.2005 | 27 | സെക്രട്ടറിക്കുള്ള കത്ത് |
| 1998-99 | എൽ.എഫ്.പി12/839 /2001/5.9.2001 | 9 | സെക്രട്ടറിക്കുള്ള കത്ത് |
| 1999-00 | എൽ.എഫ്.പി12/533 /2001/21.2.2009 | 9 | ഫർദർ റിപ്പോർട്ട് |
| 2000-01 (പദ്ധതി ഒഴികെ) | എൽ.എഫ്.പി11.544/2010 /20.9.2010 | 0 | ഫർദർ റിമാർക്സ് |
| 2001-02 (പദ്ധതി ഒഴികെ) | എൽ.എഫ്.പി11/544 /2010/4.4.12 | 2 | സെക്രട്ടറിക്കുള്ള കത്ത് |
| 2000-01 & 2001-02 (പദ്ധതി) | എൽ.എഫ്.പി11/475 /2009/6.6.2009 | 5 | സെക്രട്ടറിക്കുള്ള കത്ത് |

| | | | |
|---|---|---|---|
| 2002-03 (വരവ്) | എൽ.എഫ്.പി11/544 /2010/20.9.10 | 0 | പുനരഭിപ്രായം |
| 2002-03 (ചെലവ്) | എൽ.എഫ്.പി11/450 /2007/5.4.2008 | | ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 (വരവ്) | എൽ.എഫ്.പി11/544 /2010/20.9.2010 | 0 | പുനരഭിപ്രായം |
| 2003-04 (ചെലവ്) | എൽ.എഫ്.പി11/451 /2007/5.4.2008 | 7 | ഓഡിറ്റ് റിപ്പോർട്ട് |
| 2004-05 (വരവ്) | എൽ.എഫ്.പി.11/544/2010(3) /20.9.2010 | 1 | പുനരഭിപ്രായം |
| 2004-05 (ചെലവ്) | എൽ.എഫ്.പി.11/452 /2007/5.4.2008 | 11 | ഓഡിറ്റ് റിപ്പോർട്ട് |
| 2005-06 | എൽ.എഫ്.പി.11/978 /11/16.6.2012 | 6 | സെക്രട്ടറിക്കുള്ള കത്ത് |
| 2006-07 | എൽ.എഫ്.പി.11/1007/ 12(2)/10.3.2014 | 7 | സെക്രട്ടറിക്കുള്ള കത്ത് |
| 2007-08 | എൽ.എഫ്.പി11/977 /2012/6.6.12 | 9 | സെക്രട്ടറിക്കുള്ള കത്ത് |
| 2008-09, 2009-10 & 2010-11 | എൽ.എഫ്.പി11/2186 /2012/10.3.14 | 16 | സെക്രട്ടറിക്കുള്ള കത്ത് |
| 2011-12 | കെ.എസ്.എ.പി.കെ.ഡി.11/1865 /17/18.1.18 | 11 | പുനരഭിപ്രായം |
| 2012-13 | കെ.എസ്.എ.പി.കെ.ഡി.11/ 539/2018/21.3.18 | 17 | സെക്രട്ടറിക്കുള്ള കത്ത് |
| 2013-14 to 2014-15 | കെ.എസ്.എ.പി.കെ.ഡി.11/ 1273/2018/30.8.2018 | 26 | സെക്രട്ടറിക്കുള്ള കത്ത് |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.11/ 961/2018/7.6.18 | 10 | സെക്രട്ടറിക്കുള്ള കത്ത് |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.11/ 960/18/7.6.18 | 21 | സെക്രട്ടറിക്കുള്ള കത്ത് |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടിഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

# അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ.

## 2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തു നികുതി 17-18 ലെ അരിയർ ഡിമാൻറ് 2016-17 ലെ ബാലൻസ് ഷീറ്റിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
2. ടെണ്ടർ ഫോം വില + ജി. എസ്.ടി ഉൾപ്പെട്ട തുക Bidders Earnest Money Deposit എന്ന ശീർഷകത്തിലാണ് ചേർത്തിരിക്കുന്നത് എന്നതിനാൽ എ.എഫ്. എസ് അനുസരിച്ചുള്ള Sale of Tender Forms, EMD, GST, എന്നീ ഇനങ്ങളിലെ തുകളിൽ വ്യത്യാസം ഉണ്ട്
3. മൂന്ന് മാസത്തിലധികമായി പണമാക്കാത്ത ചെക്കുകൾ Liability in respect of Stale Chequesഎന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക കണക്കിൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.
5. ഡെപ്പോസിറ്റ് വർക്കുകൾക്കായി നിർവഹണ ഏജൻസികൾക്ക് നല്കുന്ന തുക 'Advance to Implementing Agencies ' എന്ന ശീർഷകത്തിൽ ചേർത്തിട്ടില്ല.
6. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

7. കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തുകയ്ക്ക് വർക്ക്ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ.

# അനുബന്ധം -2

## പത്രികകൾ

1. റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്-സംക്ഷിപ്തം

| | | | |
|---|---|---|---|
| Vadakarapathy Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 16819999.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 880140.00 |
| 140000000 | Fees & User Charges | RP-4 | 974060.00 |
| 150000000 | Sale & Hire Charges | RP-5 | 244506.00 |

| | | | |
|---|---|---|---|
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 51681832.00 |
| 171000000 | Interest Earned | RP-9 | 256324.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7255770.00 |
| 350000000 | Other Liabilities | RP-36 | 1714239.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 416282.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 2756.00 |
| 340000000 | Deposits Received | RP-34 | 310266.00 |
| 350000000 | Other Liabilities | RP-36 | 221844.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4849583.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | RP-44 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 908272.00 |
| | Grand total | | 86535873.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4352041.00 |
| 220000000 | Administrative Expenses | RP-12 | 1145130.00 |
| 230000000 | Operations & Maintenance | RP-13 | 4293792.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 7229980.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | RP-16 | 14482032.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1833955.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 0.0 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 293890.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 3880030.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 896226.00 |
| 280000000 | Prior Period item | RP-26 | 24969.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2608799.00 |
| 350000000 | Other Liabilities | RP-36 | 7132036.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 15268.00 |
| 280000000 | Prior Period Item | RP-26 | -8750.00 |
| 312000000 | Reserves | RP-30 | 0.0 |
| 330000000 | Secured Loans | RP-32 | 1876050.00 |
| 340000000 | Deposits Received | RP-34 | 171898.00 |
| 350000000 | Other Liabilities | RP-36 | 2015995.00 |

| | | | |
|---|---|---|---|
| 410000000 | Fixed Assets | RP-38 | 7355448.00 |
| 412000000 | Capital work in Progress | RP-40 | 10772013.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6892079.00 |
| 460000000 | Loans, Advances and Deposits | RP-47 | 1178738.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 8032075.00 |
| Cash | Cash | RP-40(b) | 62179.00 |
| | Grand Total | | 86535873.00 |

2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ-സംക്ഷിപ്തം

| Vadakarapathy Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4840632 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 94092 |
| 140000000 | Fee & User Charges | I-4(b) | 1809637 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | I-5(b) | 244506 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 117598442 |
| 171000000 | Interest Earned | I-8 | 256324 |
| 180000000 | Other Income | I-9 | 2756 |
| | Total Income | | 124846389 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10439209 |
| 220000000 | Administrative Expenses | I-11(b) | 1145130 |
| 230000000 | Operations & Maintenance | I-12(b) | 5220828 |
| 240000000 | Interest & Finance Charges | I-13 | 15268 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 11299733 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 43249532 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1686305 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 0 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 44906090 |
| 255000000 | Maintenance Projects | I-14(e) | 3880030 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 896226 |
| | Total Expenditure | | 122738351 |
| | Gross Surplus/ Deficit of income over Expenditure | | 2108038 |
| 280000000 | Prior Period Item | I-18 | 1222342 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 885696 |
| 290000000 | Transfer to Reserve Funds | I-18(a) | 0 |

3. ബാലൻസ് ഷീറ്റ്-സംക്ഷിപ്തം

| Vadakarapathy Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 31434969.05 |
| 312000000 | Reserves | B-3 | 64617217 |
| | Total Reserve & Surplus | | 96052186.05 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9974472 |
| | Total Grants, Contributions for Specific Purposes | | 9974472 |
| | Loans | | |
| 330000000 | Secured Loans | B-5 | 1132250 |
| 331000000 | Unsecured Loans | B-6 | 0 |
| | Total Loans | | 1132250 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1550862 |
| 341000000 | Deposits Works | B-8 | 0 |
| 350000000 | Other Liabilities | B-9 | 901780.95 |
| | Total Current Liabilities and Provisions | | 2452642.95 |
| | TOTAL LIABILITIES | | 109611551 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 87500121 |
| 411000000 | Accumulated Depreciation | B-11 | -3286965 |
| 412000000 | Capital Work in Progress | B-11(a) | 2505394 |
| | Total Fixed Assets | | 86718550 |

| | | | |
|---|---|---|---|
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 240481 |
| 431000000 | Sundry Debtors (Receivables) | B-15 | 13182460 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0 |
| 440000000 | Pre-paid Expenses | B-16 | 1132250 |
| 450000000 | Cash and Bank Balance | B-17 | 8094254 |
| 460000000 | Loand, Advances and Deposits | B-18 | 243556 |

| | |
|---|---|
| Total Current Assets, Loans and Advances | 0 |
| Total Current Assets, Loans and Advances | 22893001 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 109611551 |

ഡെപ്യൂട്ടി ഡയറക്ടർ.